T61
R1

OF THE IMMACULATE CONCEPTION,
THE ASPIRANTS' T. O. C. D.
MANNANAM.

S. H. SCHOLASTICATE.
CHANGANACHERRY.
CHETHIPUZHA

ശ്രീ

ആംഗലസാമ്രാജ്യം

മഹാകാവ്യം.

൧൧-ം ൧൨-ം സർഗ്ഗങ്ങൾ.

പ്രൊഫസ്സർ

എ. ആർ. രാജരാജവൎമ്മാ

എം. ഏ., എം. ആർ. ഏ. എസ്.

കോയിത്തമ്പുരാൻതിരുമനസ്സിലെ

സംസ്കൃതകൃതിയിൽനിന്നു

കെ. സി. കേശവപിള്ള

മലയാളത്തിൽ

തൎജ്ജമചെയ്തതു്.

പ്രകാശകൻ

മണക്കാട്ടു് പി. നാരായണപിള്ള.

Copy-right Registered.

1087.

വില അണ ൪.

എല്ലാപ്രതികളിലും ഗ്രന്ഥകൎത്താവിന്റെയും പ്രകാശകന്റെയും

മുദ്ര ഉണ്ടായിരിക്കും.

DHARMARAM COLLEGE LIBRARY BANGALORE

തിരുവനന്തപുരം
മണക്കാട്ടു് മിസ്റ്റർ പി. നാരായണപിള്ളയ്ക്കുവേണ്ടി
തൃശ്ശിവപേരൂർ
ഭാരതവിലാസം അച്ചുക്കൂടത്തിൽ
അച്ചടിക്കപ്പെട്ടത.

൧-ാം പതിപ്പ്. കാപ്പി ൧൫൦൦.

മുഖവുര.

'ആംഗലസാമ്രാജ്യം' എന്ന സംസ്കൃതമഹാകാവ്യം അച്ചടിച്ചത് ൧൦൬൭-ാമാണ്ടിടയ്ക്കാണ്. ആയവസരത്തിൽ തന്നെ അതിൻെറ 'ഗുണ'ങ്ങൾ 'കണ്ണി'ത്തെ പ്രാപിച്ച് ഈ തൎജ്ജമയാകുന്ന 'ചാപല'ത്തിനായി എന്നെ 'പ്രഃചാദനം' ചെയ്തിട്ടുണ്ടായിരുന്നു. ആ വിവരത്തിനു തൽകൎത്താവിൻെറ സന്നിധിയിലേയ്ക്ക് ഞാൻ ഒരു എഴുത്തയച്ചതിനു മറുവടിയായി അവിടുന്ന്, ഞാൻ ഈ ഗ്രന്ഥം മലയാളത്തിൽ തൎജ്ജമ ചെയ്യുന്നതു വളരെ നന്നായിരിക്കുമെന്നും, ഉത്സാഹമുണ്ടെങ്കിൽ അങ്ങനെ ചെയ്വാൻ എന്നോടു പറയണമെന്നുകൂടി അവിടുന്നു വിചാരിച്ചിരുന്നു എന്നും ഒരെഴുത്തും, പുസ്തകത്തിൻെറ ഒരു പ്രതിയും എനിക്ക് അയച്ചുതരികയുണ്ടായി. ഇത് എൻെറ പക്കൽ വന്നു ചേൎന്നത് ൧൦൬൮ കന്നിയിലാണ്; താമസിയാതെ തന്നെ ഞാൻ ഇതിനെ ഭാഷപ്പെടുത്താൻ ആരംഭിക്കയും ചെയ്തു. മൂലം ആദ്യമായി വായിച്ചതോടുകൂടിയാണ് ഭാഷാന്തരീകരണവും നടന്നു വന്നത്. കൊല്ലം ഇംഗ്ലീഷ്ഹൈസ്കൂൾ മലയാളമുൻഷിവേലയിൽ ഇരുന്ന എന്നെ ആയാണ്ടു കുംഭമാസത്തിൽ മഹാരാജാവു തിരുമനസ്സിലെ പുത്രൻെറ അദ്ധ്യാപകനായി നിയമിക്കയാൽ എനിക്ക് ആ മാസത്തിൽ കൊല്ലത്തുനിന്നും ഇങ്ങോട്ടു പോരുന്നതിന്നിടയായി. അപ്പോൾ ഇതിൽ ആറു സൎഗ്ഗം തൎജ്ജമ ചെയ്തിട്ടുണ്ടായിരുന്നു. മൂലഗ്രന്ഥകൎത്താവിൻെറ വാസസ്ഥാനമായ ഈ സ്ഥലത്തേയ്ക്കുള്ള മാററം നിമിത്തം ഉണ്ടായ സൌകൎയ്യാധിക്യത്താൽ ശേഷം തൎജ്ജമ മുഴുവൻ ൧൦൬൯ മേടത്തോടുകൂടി അവസാനിക്കയും, പിന്നെ അവിടുത്തെ സമയം നോക്കി ഇതു പരിശോധിപ്പിച്ചു തുടങ്ങുകയും ചെയ്തു. ഈ പരിശോധന അവസാനിച്ചതു കഴിഞ്ഞയാണ്ടു ചിങ്ങമാസത്തിലാണ്. ഇതിലേയ്ക്കു ഇത്രയും കാലതാമസം വന്നതിനു കാരണം അവിടുത്തെ കൃത്യാന്തരബാഹുല്യമാകുന്നു. ഇതിനി

ടയ്ക്കു് 'സദാരാമ' എന്ന സംഗീതനാടകം, 'പള്ളിക്കെട്ടുവൎണ്ണനം' തുള്ളൽപ്പാട്ടു, 'ഷഷ്ടിപൂൎത്തിഷഷ്ടി', 'മാനസോല്ലാസം', 'വിക്രമോവ്ശീയം' സംഗീതനാടകം മുതലായ ചില കൃതികൾ ഞാൻ എഴുതീട്ടും ഉണ്ടു്. പരിശോധനയ്ക്കു സൌകൎയ്യത്തിനായി ആദ്യം മൂലശ്ലോകങ്ങളോടുകൂടിയാണ് പരിഭാഷ എഴുതിത്തീൎത്തതു്. പിന്നെ ഇതു് അച്ചടിപ്പിക്കത്തക്കവണ്ണം മാറി എഴുതുന്നതിനും കുറേ കാലം വേണ്ടിവന്നു. അനന്തരം മഹാമനസ്കനായ കൊച്ചി ൧൧-ാംകൂർ രാമവൎമ്മ (അപ്പൻ) തമ്പുരാൻ തിരുമനസ്സുകൊണ്ടു് ഇതിന് ഒരു അവതാരിക എഴുതാമെന്നു സദയം കല്പിച്ചനുവദിച്ചതനുസരിച്ചു് ഈ കൃതി അവിടുത്തേയ്ക്കു് അയച്ചു. വിവിധകാൎയ്യപൎയ്യാകുലനായ അവിടുത്തേയ്ക്കു് അതിൽപ്പിന്നെ നേരിട്ട പല വിഘ്നങ്ങൾ നിമിത്തം അവതാരിക എഴുതി പുസ്തകം മടക്കി അയച്ചുതരുന്നതിന് സ്വല്പം താമസം വേണ്ടിവന്നു. 'തൎജ്ജമ മുഴുവനും മൂലത്തോടുകൂടി ഒത്തുനോക്കിയതിനു ശേഷമാണ് ഞാൻ അവതാരിക എഴുതീട്ടുള്ളതു്' എന്നു് അവിടുന്നയച്ച തിരുവെഴുത്തിൽ പ്രസ്താവിച്ചിരിക്കുന്നു.

കാളിദാസകൃതമായ രഘുവംശത്തിന്റെ രീതിയിൽ മനോഹരമായി എഴുതിയിരിക്കുന്ന ഒരു മഹാകാവ്യമായ മൂലഗ്രന്ഥത്തിന്റെ മാഹാത്മ്യത്തെപ്പററി ഞാൻ വിസ്തരിച്ചിട്ടാവശ്യമില്ല. ഇതിൽ ൨൩ സൎഗ്ഗങ്ങളിലായി ൧൬൧൦ ശ്ലോകങ്ങൾ അടങ്ങിയിരിക്കുന്നു. 'ആംഗലസാമ്രാജ്യം' എന്ന പേരുകൊണ്ടു തന്നെ ഇതു് ബ്രിട്ടീഷ്കാർ ഇൻഡ്യയിൽ പ്രവേശിച്ചതു മുതലുള്ള ചരിത്രത്തിന്റെ ഒരു സംഗ്രഹമാകുന്നു എന്നു തെളിയുന്നുണ്ടല്ലോ. എന്നാൽ മററുള്ള ചരിത്രഭാഗങ്ങളേയും ഇതിൽ സംക്ഷേപിച്ചിട്ടുണ്ടു്. രണ്ടാം സൎഗ്ഗത്തിൽ ഹിന്തുക്കളുടേയും മഹമ്മദീയരുടേയും ഭരണകാലത്തിലുള്ള ചരിത്രങ്ങളെ സ്ഥൂലമായി വിവരിച്ചിരിക്കുന്നു. മഹാരാഷ്ട്രന്മാരോടുള്ള ഒന്നാമത്തേയും രണ്ടാമത്തേയും യുദ്ധങ്ങളെപ്പററി പറയുന്ന സന്ദൎഭങ്ങളിൽ അതിലേയ്ക്കു് ആവശ്യപ്പെട്ടിട്ടുള്ള മഹാരാഷ്ട്രചരിത്രകാലത്തിലെ പ്രധാനസംഭവങ്ങളെക്കൂടി വിവരിച്ചിട്ടുണ്ടു്. ആകപ്പാടെ ഇൻഡ്യാചരിത്രത്തിലുള്ള ഓരോ പ്ര

ധാനസംഭവങ്ങളേയും യഥാർഹം ക്രമപ്പെടുത്തിയാണ് ഈ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുള്ളത്; എന്നാൽ കവിതാരീതിക്ക് ഉതകും വണ്ണം ചമൽക്കാരജനകങ്ങളായ സംഭവങ്ങൾക്ക് അവിടവിടെ പ്രാധാന്യം കൊടുത്തിട്ടും ഉണ്ട്. ചരിത്രവിഷയമായ പ്രാധാന്യത്തിൽ സ്വല്പം പിറകിൽ നില്ക്കുന്ന ചില അംശങ്ങളെ— അതാവിത്: ടിപ്പുവിൻെറ മലബാറിലേക്കും വിശിഷ്യ തിരുവിതാംകൂറിലേക്കും ഉള്ള പ്രവേശങ്ങളേയും മററും— കുറേ വിസ്തരിച്ചു പറഞ്ഞിട്ടുണ്ടെങ്കിൽ ആ ന്യൂനതയുടെ ഉത്തരവാദിത്വം തൻെറ സ്വരാജ്യസ്നേഹത്തിനാണെന്നു ഗ്രന്ഥകർത്താവു തന്നെ മുഖവുരയിൽ പ്രസ്താവിച്ചിട്ടുണ്ട്. ആധുനികമായ ലണ്ഡൻപട്ടണത്തിൻെറ വർണ്ണനയെ കാവ്യമുഖമാക്കിയിരിക്കുന്നത് സംസ്കൃതകാവ്യരീതിയുടെ അനുകരണമാകുന്നു.

ഇപ്രകാരം മഹത്തായിരിക്കുന്ന ഈ കാവ്യത്തെ തർജ്ജമചെയ്വാൻ തുനിഞ്ഞതു നിമിത്തം എനിക്ക്, മൂലഗ്രന്ഥകർത്താവിൻെറ ശിഷ്യത്വം വഹിക്കുന്നതിനും, അവിടത്തെ സർവ്വതോമുഖമായ പാണ്ഡിത്യം സൂക്ഷ്മബുദ്ധിത്വം കവനസാമർത്ഥ്യം മുതലായ ഗുണങ്ങളെ അറിഞ്ഞ് ആശ്ചര്യപ്പെടുന്നതിനും, വിശിഷ്യ സംസ്കൃതമലയാളഭാഷകളുടെ അനേകമർമ്മങ്ങളെ ഗ്രഹിക്കുന്നതിനും ഭാഗ്യം സിദ്ധിച്ചിട്ടുണ്ട്. തർജ്ജമയിൽ ഭംഗിയായി വരുത്തുന്നതിനു പ്രയാസമായിത്തോന്നീട്ടുള്ള ചില ഭാഗങ്ങളെ കേൾപ്പിക്കുന്ന അവസരങ്ങളിൽ അവിടുന്നു നിഷ്പ്രയാസമായി പറഞ്ഞുതന്നിട്ടുള്ള പാഠാംശങ്ങളുടെ സാരള്യം എന്നെ വിസ്മയിപ്പിച്ചിട്ടുള്ളതിനു കണക്കില്ല. ദ്വിതീയാക്ഷരപ്രാസത്തിൽ അവിടത്തേയ്ക്കു നിഷ്കർഷയില്ലാത്തത് അതിനു ശക്തിയില്ലായ്കയാലാണെന്നു പറയുന്ന ആളുകൾ, ചിത്രമെഴുത്തുകോയിത്തമ്പുരാൻ തിരുമനസ്സിലെ നെററിയിൽ കിടക്കുന്ന ഭസ്മരേഖകൾക്ക് ഐകരൂപ്യമില്ലാത്തത് അവിടത്തെ കരകൌശലവൈകല്യത്താലാണെന്നു തീരുമാനിക്കുന്നതിനും മടിക്കുമെന്നു തോന്നുന്നില്ല.

മൂലത്തിൽ സംജ്ഞാനാമങ്ങൾക്കെല്ലാം സംസ്കൃതച്ഛായയാണു കൊടുത്തിട്ടുള്ളത്. ഭാഷയിലാകട്ടെ അവയെ അതു പോലെയും,

ചില ദിക്കുകളിൽ സന്ദർഭം അനുസരിച്ച് ഇംഗ്ലീഷിന്റേയോ മലയാളത്തിന്റേയോ രീതിയിലും പ്രയോഗിച്ചിട്ടുണ്ട്. രൂപഭേദം ഉള്ള നാമങ്ങൾ എല്ലാം വിവൃതിയിൽ നോക്കി ഗ്രഹിക്കാവുന്നതാണ്. ദുർഘടങ്ങളായ നാമവിശേഷങ്ങളേയും മററും വൃത്തത്തോടു യോജിപ്പിച്ചിട്ടുള്ള ചില ഭാഗങ്ങളിൽ യതിയെപ്പററി വളരെ നിഷ്കർഷിച്ചിട്ടില്ല. പതിനേഴു സംവത്സരങ്ങൾക്കു മുമ്പ എഴുതിത്തീർത്ത ഈ തർജ്ജമയിലെ പ്രയോഗരീതിയും പ്രായേണ അന്നത്തെ രുചിക്ക് അനുഗുണമായിട്ടുള്ളതാകുന്നു എന്നു പറയേണ്ടതില്ലല്ലോ.

ഗുരുതരങ്ങളായ കൃത്യാന്തരങ്ങളുടെ ഇടക്ക് ഇതിന്റെ പരിശോധനക്കായി ചെയ്യേണ്ടി വന്ന സമയവ്യയത്തെ ക്ഷമയോടുകൂടി സഹിച്ച മൂലഗ്രന്ഥകർത്താവിനോടും, ഇതു മുഴുവൻ മൂലത്തോടുകൂടി ഒത്തുനോക്കി സരസവും സരളവുമായ ഒരവതാരിക എഴുതി അയച്ചു തന്ന സഹൃദയതിലകമായ അപ്പൻ തമ്പുരാൻ തിരുമേനിയോടും, ഇതിന്റെ അച്ചടിയിൽ ദ്രവ്യസഹായം ചെയ്യും മുമ്പുറായി വില അയച്ചുതന്നും എന്നെ പ്രോത്സാഹിപ്പിച്ചിട്ടുള്ള മാന്യന്മാരോടും ഞാൻ യഥായഥം അകൈതവമായ കൃതജ്ഞതയെ പ്രകാശിപ്പിച്ചുകൊള്ളുന്നു.

തിരുവനന്തപുരം
൧൦൭൩ മിഥുനം ൧൭.

കെ. സി. കേശവപിള്ള.

S.H. SCHOLASTICATE. CHANGANACHERRY. CHETHIPUZHA.

അവതാരിക.

കാവ്യത്തിൻെറ സ്വഭാവം കവിയറിയുന്നതുപോലെ കാവ്യഗുണദോഷങ്ങളെ നിരൂപകൻ കാണുകയില്ല. കവിയുടെ സങ്കല്പശക്തി നിരൂപകനുമുണ്ടെങ്കിൽ നിരൂപണത്തിനേക്കാൾ എളുപ്പം കവനത്തിനായിരിക്കും. ആകാശപുഷ്പത്തിൻെറ കൂടി ആകാരം നിൎണ്ണയിക്കത്തക്കവണ്ണം കല്പനാവൈഭവമുള്ള കവിപുംഗവന്മാൎക്ക് അവാങ്മനസഗോചരമായി യാതൊന്നും തന്നെ ഉണ്ടാകുന്നതല്ല. ചന്ദ്രൻെറ ഗുണങ്ങൾ ആസകലം ചാണകപ്പട്ടക്കു നൽകി, ലൌകികഭംഗവും ഭംഗിക്കുറവും കൂടാതെ ശരച്ചന്ദ്രനെപ്പിടിച്ചു വറളി ഉണക്കുവാനും ചാണകപ്പട്ടക്കു മാനം കൊടുക്കുവാനും പച്ചപ്പരമാൎത്ഥം പറഞ്ഞ് പരമാശ്ചൎയ്യം ജനിപ്പിക്കുവാനും പരഹൃദയപരിഗാഹനം ചെയ്യുവാനും സാമൎത്ഥ്യമുള്ള കവിഹൃദയം ആൎക്കാണ് അറിയുവാൻ കഴിയുന്നത്? രാജരാജകവിരാജവിരചിതമായ 'ആംഗലസാമ്രാജ്യ'മെന്ന സംസ്കൃതകാവ്യം കേരളഭാഷാദൎപ്പണത്തിൽ പ്രതിഫലിച്ചുണ്ടായ ഈ പ്രതിച്ഛായയിൽ പ്രതിപത്തിയില്ലാത്തവരുണ്ടെങ്കിൽ അവർ പ്രകൃത്യാ കേരളഭാഷയിൽ വിപ്രതിപത്തിയുള്ളവരായിരിക്കണം. ദോഷൈകദൃക്കുകളുടെ ദൃഷ്ടിദോഷംകൊണ്ടോ ദ്രഷ്ടാവിൻെറ ശ്വാസോഷ്മാവു തട്ടിയുണ്ടാകുന്ന ദൎപ്പണമാലിന്യം കൊണ്ടോ തോന്നുന്ന തെളിവില്ലായ്മ ബിംബത്തെയോ പ്രതിബിംബത്തെയോ ബാധിക്കുന്നതല്ല. മൊരട്ടുവിഷയമായി ഗണിച്ചുപോരുന്ന ചരിത്രസംഭവങ്ങളെ കാവ്യത്തിനുതകുന്ന ചമൽക്കാരത്തോടു കൂടി വൎണ്ണിച്ചിട്ടുള്ള മൂലകവിയുടെ ആശയത്തിന്ന് ഏറ്റക്കുറവും വിട്ടുവീഴ്ചയും വരാതെ അൎദ്ധപരിഷ്കൃതനിലയിൽ കിടക്കുന്ന കേരളഭാഷയിൽ പകൎത്തുന്നത് സുകരമല്ലെന്ന് അനുഭവസ്ഥന്മാൎക്ക അറിഞ്ഞുകൂടൂ.

മൂലം:— "മുഷ്ണാബലാഡംബരഭ്രൂവിഭ്രമ-
പ്രഭൂതരോമന്ഥനമന്ഥരീകൃതം
ന മാനസം തസ്യ കദാപി പസ്പൃശേ
പരാൽ പരാസ്ഥാൽ പ്രതികാരശങ്കയാ".

തൎജ്ജമ:—

"ഊററംചേൎന്ന ബലപ്രതാപമതുലം തന്നോളമില്ലാക്കമെ-
ന്നോൎത്താം വൃദ്ധമഹോ! മദിച്ചലസനായ് മേവും മഹീവല്ലഭൻ
തോററുള്ളോരരിസഞ്ചയം പ്രതികരിച്ചീടുന്നതിന്നായ് മുതി-
ൎന്നോറിടാൻ വരുമെന്നു മാനസമതിൽ തെല്ലും നിനച്ചില്ല താൻ.
(ന്യ—ഫ)

തന്മയത്വം വരുത്തി തൎജ്ജമ ചെയ്യുന്നതിൽ ഗ്രന്ഥകാരനുള്ള പാടവത്തെ വെളിപ്പെടുത്തുന്നതായ അനേകം ശ്ലോകങ്ങൾക്കിടയിൽനിന്ന് 'സ്ഥാലീപുലാകന്യായേന' ഏതെങ്കിലും ഒന്നെടുത്ത് ഉദാഹരിക്കണമെന്നല്ലാതെ ഉള്ളതിൽ വെച്ചു നല്ലതുനോക്കി തിരഞ്ഞെടുക്കുന്നതിന്നു ഞാൻ ഉത്സാഹിച്ചിട്ടില്ല. അതു സാദ്ധ്യവുമല്ല. 'ആംഗലസാമ്രാജ്യം' ഭാഷാന്തരപ്പെടുത്തുന്നതു സാധാരണ സംസ്കൃതഗ്രന്ഥങ്ങൾ തൎജ്ജമചെയ്യുന്നതുപോലെ അത്ര എളുപ്പത്തിൽ സാധിക്കുന്ന ഒരു കാൎയ്യമല്ല. പരിഭാഷകന്റെ സ്വാതന്ത്ര്യത്തിനു തടസ്ഥം വരുത്തുന്നതായ പല വൈഷമ്യങ്ങളും അതിൽ പരിഗണനീയങ്ങളായിട്ടുണ്ട്. 'ഇന്ദ്രനോ ചന്ദ്രനോ' വൃത്തത്തിൽ ഒത്തില്ലെങ്കിൽ 'പാകശാസന'നായിട്ടോ 'ശീതകിരണ'നായിട്ടോ വലിച്ചുനീട്ടി പാകപ്പെടുത്തുവാൻ വിരോധമില്ല. തെളിച്ച വഴിപോകാത്ത 'അക്ബർ' മുതലായ വൈദേശികവിശേഷനാമങ്ങളെ പോയവഴിക്കു തെളിക്കുകയല്ലാതെ മറെറന്തൊരു ഗതിയാണ് കവിക്കുണ്ടാകുന്നത്? 'അക്ബർ' വൃത്തത്തിനു ചേൎന്നില്ലെങ്കിൽ വൃത്തം അക്ബൎക്കു ചേരേണ്ടതായി വരുന്നു. അതുപോലെ തന്നെ 'ആവാപനീതി' മുതലായ സാങ്കേതികശബ്ദങ്ങൾ തൎജ്ജമചെയ്യുമ്പോഴും ഈ വക ബുദ്ധിമുട്ടുകൾ നേരിടുന്നതാണ്.

“മരിച്ചന്നെസ്സാമരചന്റെ പുത്രൻ
മുറയ്ക്കു വാണാനഥ നാസ്യജംഗൻ
ക്ഷമിച്ചതില്ലായതു പൌത്രനന്നു
സമത്സരൻ മുത്സഫജംഗഭൂപൻ”. (൩—൧൦)

“ഒന്നിച്ചു ചേൎന്നു നയുമായവർതൻ ശ്രമത്തിൽ
നന്ദിച്ചു താനനുവദിച്ചുവളായവൎക്കായ്
പൌരസ്ത്യഭാരതവണിഗ്ജനസംഘമെന്നു
പേരോട്ടു നൽകി വിധിപോലധികാരപത്രം”.

(൧—൧൭)

പദങ്ങൾ കവിക്കു വശപ്പെട്ടിരിക്കേണ്ടതു പോയിട്ടു കവി പദങ്ങൾക്ക് അടിമപ്പെടേണ്ടതായി വരുന്ന അവസരങ്ങളിലാണ് പരിഭാഷകന്റെ കവിതയിലുള്ള പഴക്കവും തഴക്കവും വാസനയും പൂൎവ്വാധികം തെളിഞ്ഞു കാണുന്നത്.

പതിനഞ്ചും പതിനെട്ടും പത്തൊൻപതും ഇരുപത്തിരണ്ടും സൎഗ്ഗങ്ങൾ സൌകൎയ്യാവിരോധേന മൂലവൃത്തത്തിൽ തൎജ്ജമചെയ്തു കാണുന്നുണ്ടെങ്കിലും ഗ്രന്ഥകാരപാടവപ്രകടനാവേശത്താൽ മാത്രം മതിമറന്നു വൃത്താനുവൃത്തതൎജ്ജമ സാമാന്യേന അപരിത്യാജ്യമാണെന്നും അതുകൊണ്ടു മൂലാൎത്ഥത്തിന്നും ശ്രാവ്യതയ്ക്കും വരുന്ന ഭംഗം ഗണ്യമല്ലെന്നും ശഠിച്ചുകാണാത്ത പ്രസ്തുത കവിയുടെ സഹൃദയത്വം സൎവ്വഥാ അഭിനന്ദനീയം തന്നെ.

“പരാഭവം കണ്ടു പരാധി പൂണ്ടു-
ദ്ദുരാശയേറന്ന പരങ്കിമാരും
ത്വരാന്വിതം ബന്ധുവരാവനാൎത്ഥം
വരാതിരുന്നെന്നു വരാരണത്തിൽ”. (൩—൩൦)

“ഉത്തുംഗശ്രീ തടവിന മഹാശക്തിയാലുച്ചമായും
മെത്തീടും ദുൎന്നയതതികളാലെത്രയും നീചമായും
മധ്യാഹ്നത്തിൽ ദിവസമണിപോൽ പൊങ്ങിയും താണുമന്നാ-
പ്പൃത്ഥ്വീശൻ തന്നുടയ പരമൌജസ്സു പാരം പരന്നു”.

(൨—൪൭

ഇമ്മാതിരി ശ്ലോകങ്ങൾ വായിക്കുമ്പോൾ വായനക്കാരുടെ മനസ്സിൽ മൂലവൃത്തസ്മരണയ്ക്കു യാതൊരവകാശവും ലഭിക്കുന്നതല്ല.

ദ്വിതീയാക്ഷരപ്രാസവിരഹംകൊണ്ടു കൈരളീമഹിളയ്ക്കു വൈധവ്യം വരുമെന്നു വിചാരിക്കുന്ന കൂട്ടത്തിലല്ലാ പ്രസ്തുതകവിയെന്നു വരികിലും ഈ തർജ്ജമയിൽ ഒട്ടുമുക്കാലും ഭാഗങ്ങളിൽ ദ്വിതീയാക്ഷരപ്രാസം പ്രയോഗിച്ചുകാണുന്നുണ്ട്. പ്രാസാന്തരങ്ങളെക്കൊണ്ടു കൈരളീമഹിളയ്ക്കു നെടുമംഗല്യവും രമണീയതയും ഉണ്ടാകുവാൻ കഴിയുമെന്നുള്ളതിന്നും ധാരാളം ഉദാഹരണങ്ങൾ കാണിച്ചിട്ടുണ്ട്.

"വൻപൊത്തിവണ്ണമതിവേഗമിയന്ന മിന്നൽ-
കമ്പിത്തപാലിഹ പുരംപ്രതി ചേന്നൂലം
ഇമ്പത്തൊടാളുകൾ വിദൂരഗർതൻചരിത്രം
തൻപത്തനസ്ഥരുടെയെന്നതുപോൽ ഗ്രഹിച്ചു". (൧൦-൧൦)

"നിസ്സാരമാം നികുതിയൊക്കെ നിറുത്തി; ഭൂമി-
യെല്ലാം പകുത്തു പുതുതായ് കുടികൾക്കു നൽകി;
നിസ്തന്ദ്രശീലനവനാത്മജനാചനത്തിൽ
വർദ്ധിച്ച വാഞ്ഛ വഴിപോലെ വെളിപ്പെടുത്തി". (൧൦-൯)

"നിർവിഘ്നമുണ്ടായ ജയങ്ങളാലേ
നിജപ്രതാപം വളുതെന്നുറച്ചു
നിസ്സാരരാം ദ്വൈപ്യരെ നിഗ്രഹിപ്പാൻ
നിശ്ശേഷമെന്നോർത്തിതവൻ ജഡാത്മാ". (൪൯-൯)

ഇവിടെ ദ്വിതീയാക്ഷരപ്രാസം ഉണ്ടായതുകൊണ്ടും ഇല്ലാത്തതുകൊണ്ടും ഗുണമല്ലാതെ ദോഷമൊന്നും തോന്നുന്നില്ല. അനുപ്രാസം, ആദ്യക്ഷരപ്രാസം ഇതുകൾക്ക് ദ്വിതീയാക്ഷരപ്രാസത്തെക്കാൾ എന്നല്ല ദ്വിതീയതൃതീയാക്ഷരപ്രാസങ്ങളെക്കാൾ സ്വാരസ്യം കൂടുതലോ കുറവോ എന്ന കാര്യം ശ്രോതാവിന്റെ രുചിഭേദത്തെ അനുസരിച്ചിരിക്കുന്നതാണ്. മലയാളത്തിൽ തോടയാണ് ഉപയോഗിച്ചുവരുന്നതെന്നുവെച്ചു പരദേശത്തെ കമ്മ

ലിന്നു ഭംഗിയില്ലെന്നു പറയുന്നവരോടു മൌനമവലംബിക്കുന്നതല്ലാതെ മറുവടിയൊന്നും പറയേണ്ടതില്ല. പരിചയംകൊണ്ടു പ്രതിപത്തി വദ്ധിക്കയില്ലെന്നോ കാലംകൊണ്ടു രുചി ഭേദപ്പെട്ടില്ലെന്നോ ഖണ്ഡിച്ചു പറവാൻ ഞാൻ തയ്യാറില്ല. മിൽട്ടൺ പ്രാസം ത്യജിച്ചിട്ടുണ്ടെന്നു വെച്ചു വെണ്മണി മഹൻ നമ്പൂരിയുടെ കവിതയ്ക്കു കുറ്റം പറവാനോ

'ശ്വപാകോ ജല്പാകോ ഭവതി മധുപാകോപമഗിരാ
നിരാതങ്കോ രങ്കോ വിഹരതി ചിരങ്കോടികനകൈഃ
തവാപർണ്ണേ! കർണ്ണേ വിശതി മനുവർണ്ണേ ഫലമിദം
ജനഃ കോ ജാനീതേ ജനനി! ജപനീയം ജപവിധൌ'.

എന്നു തുടങ്ങി ആചാര്യസ്വാമികളുടെ രസനയിൽനിന്നു പ്രാസം പ്രവഹിച്ചിട്ടുണ്ടെന്നു വെച്ച്,

'നിഞ്ചിത്തമിന്നലിയുമെന്നു നിനച്ചു വാസ-
രഞ്ചമ്മെ ഞാനിതൊരു മട്ടു കഴിച്ചു കൂട്ടി'

എന്നു ചമച്ച കുകവിയെ അഭിനന്ദിക്കുവാനോ എനിക്കു ധൈര്യവുമില്ല. വാസ്തവത്തിൽ കവിതാഗുണം ഒന്നാമതായി രസത്തേയും രണ്ടാമതായി അലങ്കാരാദികളേയും അപേക്ഷിച്ചാണിരിക്കുന്നത്. അലങ്കാരത്തിൽ തന്നെ അത്ഥാലങ്കാരം ശബ്ദാലങ്കാരത്തേക്കാൾ പ്രധാനമായിട്ടുള്ളതാണെന്ന് അത്ഥചിത്രശബ്ദചിത്രങ്ങളെ ക്രമത്തിൽ മധ്യമാധമങ്ങളായി ഗണിച്ചിരിക്കുന്ന ആലങ്കാരികന്മാർ നിണ്ണയിച്ചിട്ടുള്ളതുമാകുന്നു. ശബ്ദാലങ്കാരങ്ങളിൽ ദ്വിതീയാക്ഷരപ്രാസത്തിന്നു മലയാളത്തിൽ കണ്ണാകണ്ണികയാ സിദ്ധിച്ചിട്ടുള്ള പ്രാധാന്യം വാദഗ്രസ്തമെന്നു വന്നപ്പോൾ തന്നെ രുചിഭേദം തീച്ചപ്പെട്ടു. അതു കാലഭേദത്തിൻെറ ഫലമാണെന്നേ വിചാരിക്കേണ്ടതുമുള്ളു. കേ. സി. കേശവപിള്ള അവർകളുടെ കൃതിയിൽനിന്ന് ഈ അഭിപ്രായമാണ് ഞാൻ സംഗ്രഹിക്കുന്നത്.

'ആംഗലസാമ്രാജ്യം' മൂലത്തേയും മൂലകവിയേയും കുറിച്ച്

എന്തെങ്കിലും ഇവിടെ പ്രസ്താവിക്കുവാനോ പ്രശസ്തകവിയായ കെ. സി. കേശവപിള്ള അവർകളെ കവിയുടെ നിലയിൽ അവതരിപ്പിക്കുവാനോ ഉള്ള അവകാശമൊന്നും കാണുന്നില്ലെന്നല്ല ആവശ്യവും ഇല്ല. എന്നാൽ ഇദംപ്രഥമമായി മലയാളഭാഷയിൽ പ്രവേശിക്കുന്ന ഇൻഡ്യാചരിത്രവിഷയകമായ ഈ കാവ്യം മാതൃഭാഷയിൽ എനിക്കുള്ള പ്രതിപത്തി നിമിത്തം കേരളീയസമക്ഷം അരങ്ങു കയററുവാൻ യഥാശക്തി ശ്രമിക്കുക മാത്രമാണ് ഇതിനാൽ ചെയ്തിട്ടുള്ളത്.

കുമാരമന്ദിരം അയ്യന്തോൾ വൃ—൧൧—൨൫	അപ്പൻതമ്പുരാൻ.

RAMA VARMA

11th Prince of Cochin.

വിഷയവിവൃതി

213.131

൧൧-ാം സൎഗ്ഗം.

ടിപ്പുവിൻെറ ക്രൂരകൃത്യങ്ങൾ.

൧-ാം ശ്ലോകം മുതൽ ൪-ാം ശ്ലോകം വരെ	വാറൺ ഹേസ്റ്റിംഗ്സ് വേല വിടുന്നതും ഇംഗ്ലണ്ടിൽ കുററക്കാരനായി വിസ്തരിക്കപ്പെടുന്നതും.
൫ — ൬	ലാർഡ് കാറൺവാലിസ് ഗവൎണ്ണർ ജനറലാകുന്നത.
൭	അയാളുടെ നീതിക്രമം.
൮ — ൯	ടിപ്പുവിൻെറ അത്യാശ.
൧൦ — ൧൩	മഹമ്മദീയമതാചാരങ്ങൾ.
൧൪ — ൨൨	ടിപ്പു മതവിഷയങ്ങളായ കലഹങ്ങൾ ആരംഭിക്കുന്നതും, കാനറാ, കൂൎഗ്ഗ ഇവയെ കൊള്ളയിടുന്നതും.
൨൩ — ൨൫	ടിപ്പുവിൻെറ ഗവാധിക്യം.
൨൬ — ൨൮	നൈസാമും മഹാരാഷ്ട്രന്മാരും ടിപ്പുവിനു കീഴടങ്ങുന്നത്.
൨൯ — ൩൪	ടിപ്പു മലബാറിനെ അക്രമിക്കുന്നതും അവിടത്തെ ജനങ്ങൾ തിരുവിതാംകൂറിലേയ്ക്കു ഓടുന്നതും.
൩൫ — ൩൯	അയാൾ മലബാറിനെ കീഴടക്കി ജനങ്ങളെ നിൎദ്ദയമായി സ്വമതത്തിൽ ചേൎക്കുന്നത്.
൪൦ — ൪൩	അയാൾ തിരുവിതാംകൂറിനെ അക്രമിക്കുന്നത്.
൪൪ — ൪൭	തിരുവിതാംകൂർ രാജാവിൻെറ ഒരുക്കങ്ങൾ.
൪൮ — ൫൫	ടിപ്പു തോററോടുന്നത.
൫൬ — ൫൭	രാജാവിൻെറ വിജയം.
൫൮ — ൬൬	ടിപ്പു കുപിതനായി വീണ്ടും വന്നു രാജ്യത്തിൻെറ അതിൎത്തിയിലുള്ള കോട്ടകൾ തകൎക്കുന്നത്.
൬൭ — ൭൨	തിരുവിതാംകൂറിൽ വടക്കുഭാഗത്തുള്ള ആലുവായിലെ അതിവൃഷ്ടി.
൭൩ — ൭൪	ടിപ്പു പെട്ടെന്നു സ്വനഗരത്തിലേയ്ക്കു പോകാൻ നിൎബ്ബന്ധിക്കപ്പെടുന്നത.

൧൨-ാം സർഗ്ഗം.

ടിപ്പുദമനം.

൧ — ൪	ഇംഗ്ലീഷ്കാർ ടിപ്പുവിനു വിരുദ്ധമായി നൈസാമിനോടും മഹാരാഷ്ട്രന്മാരോടും സഖ്യം ചെയ്യുന്നത്.
൫ — ൬	മൈസൂരിലെ തൃതീയകലഹം.
൭ — ൧൬	ഇംഗ്ലീഷ്കാർ ബാംഗളൂർ പിടിക്കുന്നതും അരീക്കരയിൽ വെച്ചു ടിപ്പുവിനെ തോല്പിക്കുന്നതും.
൧൭ — ൨൪	ഇംഗ്ലീഷ്കാർ പിൻവാങ്ങുന്നതും, മിത്രങ്ങളെ കാത്തിരിക്കുന്നതും.
൨൫ — ൨൯	ഇതിനിടയിൽ പല കോട്ടകളും പിടിക്കുന്നത്.
൩൦ — ൩൩	ശ്രീരംഗപട്ടണത്തിലേയ്ക്കായി നൈസാമും മഹാരാഷ്ട്രന്മാരും ഇംഗ്ലീഷ്കാരുംകൂടി പുറപ്പെടുന്നത്.
൩൪ — ൩൬	ടിപ്പുവിനെ ഉപരോധിക്കുന്നത്.
൩൭ — ൪൨	ടിപ്പു സമാധാനത്തിനപേക്ഷിക്കുന്നതും, ശ്രീരംഗപട്ടണത്തിലെ സമാധാനവും.
൪൩ — ൪൮	കലഹത്തിന്റെ ഫലങ്ങൾ.
൪൯ — ൫൭	ജമിന്ദാരന്മാരുടേയും സാമന്തരാജാക്കന്മാരുടേയും ഉത്ഥാനം.
൫൮ — ൬൦	സ്ഥിരമായ കരനിയമനം.
൬൧ — ൬൫	ലാർഡ് കാറൺവാലീസിന്റെ മറ്റുള്ള പരിഷ്കരണങ്ങൾ, ഉയന്ന ഉദ്യോഗങ്ങളിൽനിന്നു നാട്ടുകാരെ ഒഴിക്കുന്നത്.
൬൬ — ൬൭	അതീതനിരൂപണവും അവസാനവും.

ആംഗ്ലസാമ്രാജ്യം

പതിനൊന്നാം സർഗ്ഗം.

K.O. KESAVA PILLAI
TRAVANCOR.
QUILON

അഥ പുനരധിഭർത്താ വാരണന്‍ ഭൂരികാൎയ്യ-
പ്രഥിതഗുരുതയേറും സ്വാധികാരം വെടിഞ്ഞു
ചിരവിരഹിതരാകും ബാന്ധവന്മാരെഴും തൻ-
പുരവരമതിലേയ്ക്കായ് വിശ്രമാൎത്ഥം ഗമിച്ചു. (൧)

അവിടെയുമതിവേലം ഭൂരികൃത്യശ്രമം താ-
നവനഥ വിധിയോഗാൽ വീണ്ടുമുണ്ടായി കഷ്ടം!;
അവരവരുടെ കൎമ്മത്തിൻവിപാകങ്ങളെല്ലാ-
മവരവരെയണഞ്ഞീടാതെ പോകുന്നതുണ്ടോ? (൨)

അവനിവിടെ നടത്തീട്ടുള്ള നന്ദാത്മജൻതൻ-
പ്രമഥന, മതിഘോരം ഷൂജശ്ശുദ്ധാന്തരോധം,
അവികലമഥ കാശീക്ഷോണിഭൃൽക്കൎശനം താ-
നിതി ബത! പല കാൎയ്യം വിസ്തരിക്കേണ്ടിവന്നു. (൩)

പലവിധമപരാധം ചെയ്തുവെന്നാലുമെല്ലാം
നലമൊടു നയമെന്നായ് തീൎച്ചയുണ്ടായൊടുക്കം;
അവനഥ ബഹുമാനസ്ഥാനമായ്ത്താൻ നയിച്ചാ-
നതിസുഖമിഹ ദീൎഘം ജീവകാലാവശേഷം. (൪)

നരവരസചിവന്മാർ തത്ര പീടപ്രണീതം
കരണമതുകണക്കേ യന്ത്രണാസ്ഥാനിയിങ്കൽ
[illegible]ളുകമൊടഥ ചേൎന്നുകോണ്ണ്വാലിസ്സുതന്നെ-
പ്രഥയെഴുമധിഭർത്താവായുടൻ നിശ്ചയിച്ചു. (൫)

പ്രഭുവിവനതിദക്ഷൻ നീതിശാസ്ത്രപ്രവീണൻ
പ്രഥിതചരിതരമ്യൻ ശ്രേഷ്ഠവംശപ്രസൂതൻ
പ്രബലതയൊടു തൻകൽ ചേൎത്തൊരിൻഡ്യാധികാരം
പ്രമുദിതമതിയാൎന്നാനബ്ദമെൺപത്താറിൽ. (൬)

ചടുതരമതി പീടൻ നിൎണ്ണയിച്ചുള്ള ചട്ടം
വടിവൊടിവിടെ രക്ഷിച്ചീടുവാനായ്ത്തുടങ്ങും
ഇവനെയധികകാലം തോക്കെട്ടുക്കാതെ വാണീ-
ട്ടുവതിനനുവദിച്ചില്ലുഗ്രനാം ടിപ്പുവീരൻ. (൭)

അവനിവരൊടു, മുൻപേ ചൊന്നപോൽ, മംഗലാഖ്യം
പുരവരമതിൽവെച്ചുസ്സന്ധി ചെയ്തിട്ടു വേഗാൽ
നിജനിലയനമത്തിദ്ദിഗ്ജയം ചെയ്വതിന്നായ്
ശേവദനസമാനൻ വേണ്ട സന്നാഹമാൎന്നു. (൮)

നിജവശഗതമായീടുന്ന രാജ്യത്തിലെല്ലാം
നിജമതമുടനിസ്ലാമാഹ്വയം താൻ ബലത്താൽ
പരിചിനൊടു പരത്തീട്ടുഖുറാനിൽ പറഞ്ഞു-
ള്ളോരു പരഗതി നേടാനായവൻ നിശ്ചയിച്ചു. (൯)

ഇഹ നിജമതതത്വത്തിങ്കലത്യന്തമേവം
ബഹുമതിഭവജാഡ്യം ഹേതുവായിത്തുലുക്കർ
അഹഹ! വിമതരെത്തന്യുക്തിവാദങ്ങൾ കൊണ്ട-
ല്ലഹിസമകരവാളം കൊണ്ടു ഖണ്ഡിച്ചിടുന്നു. (൧൦)

ഭുവനമിതിനു ഭൎത്താവേകനുണ്ടീശനെന്നോ
പറകയവനെയല്ലാവെന്നു താൻ ക്രിസ്തുവെന്നോ,
വിവിധമവനെയാരാധിക്കയും ചെയ്ക;-യെന്നാ-
ലിവരവനൊരു ഭേദം ചെറതുമേ ചെയ്വതുണ്ടോ? (൧൧)

ഒരുവനു പല നാമം ചൊൽകവേയൊന്നിലേക-
ന്നഭിരുചിയുളവായാലായതിന്നെന്തു മെച്ചം?
നിയതമൊരു പദാൎത്ഥത്തിന്റെ നാമങ്ങളാകും
ഘടകുടകലശങ്ങൾക്കില്ല ഭേദം ജഗത്തിൽ. (൧൨)

ഇതു ഹൃദി കരുതീടാതെത്ര സത്തുക്കൾ പോലും
മതഭേദമാനം കൊണ്ടു മോഹിച്ചിടുന്നു!
സ്ഫുടതരമതിനാലേ, തരമനേകൎക്കു മഹത്താം
പെട്ടകിലുമടിയാടേ കെട്ടുപോയ് ടിപ്പുവീരൻ. (൧൩)

ശഠമതിയവനാദ്യം പശ്ചിമാബ്ധിക്കെഴും നൽ-
ത്തടമതിലതികീൎത്ത്യാ കൊങ്കണത്തിന്നുമേററം
വിരുതൊടു മലയാളത്തിന്നുമിങ്ങന്തരാളേ
വിലസിന മഹിയാകും കാനറായാക്രമിച്ചു. (൧൪)

അവിടെയതിനു മുൻപിൽ പോട്ടുഗല് ധൎമ്മദൂത-
പ്രവരസമുപദേശം കൊണ്ടു ക്രിസ്തീയമാൎഗ്ഗം
പരിചിലനുസരിച്ചുള്ളായിരം മുപ്പതാളെ
സ്വമതമനുസരിപ്പിച്ചാനിവൻ സാഹസത്താൽ. (൧൫)

അവനഥ നിജരാജ്യത്തിന്നു തെക്കുന്നതാഭം
നവനവവനശൈലശ്രേണിസംപ്രേക്ഷണീയം
വിലസിന കുടകാഖ്യം രാജ്യമത്യൂൎജ്ജിതശ്രീ-
നിലയനബലശാലീ ഘോഷമോടേ ഗമിച്ചു. (൧൬)

ഖലമതി മതവിശ്വാസാന്തകൻ ടിപ്പുവേവം
ബലമൊടണവതേററം ഘോരമായ് കണ്ട നേരം
ജനതതി വനശൈലാഗാരഗൂഢാന്തരാള-
ങ്ങളിലതിഭയമോടേ പാഞ്ഞു പാരാതൊളിച്ചു. (൧൭)

അവിടവിടെയുടൻ തൻസേനയെ ത്താനയച്ചി-
ട്ടവരെയനുഗമിച്ചക്കാനനാന്തങ്ങളെല്ലാം
അവനഹഹ! നിരോധിച്ചിടിനാൻ, ശ്വാക്കളോടൊ-
ത്തൊരു മൃഗവധലുബ്ധൻ ലുബ്ധകേശൻ കണക്കേ. (൧൮)

അബലകൾ പുരുഷന്മാരെന്ന ഭേദം നിനയ്ക്കാ-
തരിശമൊടു കടന്നിട്ടുഗ്രനാബാലവൃദ്ധം
ഏഴുപതു ഗുണമുള്ളോരായിരം പേരെ വദ്ധി-
ച്ചുഴമതിമദമോടേ ഹന്ത! ബന്ധിച്ചിതന്നാൾ. (൧൯)

പടുമതി, പല വൎണ്ണം ചേൎന്നൊരീ രാശിതന്നെ
സ്സുടമിഹ, ദൃഢഘാതം കൊണ്ടു പക്ഷം ചുരുക്കി,
ക്രിയകളെ നിജശാസ്ത്രം പോലെ ചെയ്യിട്ടു, നൽകി-
സ്സ്വയമിവനപവൃത്താവസ്ഥ, സാമ്യം നയിച്ചു. (൨൦)

അഥ ബഹുജനമയ്യോ! ഖണ്ഡനം മുണ്ഡനം താ-
നിതി പല മതഭേദാവശ്യകൃത്യങ്ങളാലേ
അദയമനുഭവിപ്പിച്ചുള്ള കാഠിന്യമേറും
വ്യഥയൊടമരലോകം തന്നെ ശീഘ്രം ഗമിച്ചു. (൨൧)

അവനതിസുകൃതത്തിന്നന്നഹോ! പാത്രമായം-
നവരുടെ മതമിസ്ലാം ചൊന്ന മാൎഗ്ഗം നിനച്ചാൽ;
സുകൃതമരുളിടുന്നോരൎത്ഥവാദം ജനത്തിൻ-
നിഹതിയുമതികഷ്ടം! പുണ്യമെന്നോതിടുന്നു. (൨൨)

അധികശഠനപൂൎവ്വഃക്ഷോണിപാലാംഗഭൂവാ-
മവനു സഹജമാകും ഗൎവ്വമിദ്ദിഗ്ജയത്താൽ
അനുപദമതിവേലം ഹന്ത! വൎദ്ധിച്ചു വൎദ്ധി-
ച്ചനുപമിതമനൎത്ഥത്തിന്നു താൻ ഹേതുവായി. (൨൩)

സ്ഫുടമവനഥ സുൽത്താനെന്നു വിഖ്യാതമാകും
കൊടിയ വിരുതു സിദ്ധിച്ചെങ്കിലും തൃപ്തിയെന്യേ
അതുവരെ മുഗൾവംശോൽഭൂതർ മാത്രം വഹിച്ചു-
ള്ളൊരു വിരുതുമെടുത്താൻ ബാദഷാഹാഭിധാനം. (൨൪)

നരവധമനുവേലം നിൎദ്ദയം നീലഭൃദ്ഭൂൽ-
പരിസരമതിൽ നിന്നും ചാടിവീണാചരിക്കും
അരചനവന് 'മൈസൂർ വ്യാഘ്ര'മെന്നുള്ളതല്ലാ-
തൊരു വിരുതു പൊരുത്തില്ലത്ര മാലോകർ പിന്നെ. (൨൫)

ഇവനെ യുധി ജയിച്ചീടുന്നതിന്നന്നു നൈസാ-
മവനിപനൊടു സഖ്യം വേണ്ടവണ്ണം നടത്തി
ബലമുടയ മഹാരാഷ്ട്രേശരപ്പൎണ്ണവീശൻ-
തുണയൊടു ഗതരായെന്നാകിലും ഹന്ത! തോററാർ. (൨൬)

സ്ഫുടമിഹ രണഖേദം പൂണ്ടഹോ! തുംഗഭദ്രാ-
തടിനിയുടയ തെക്കേദിക്കിനുള്ളാധിപത്യം
അവരതിപരുഷാത്മാവായ സുൽത്താൻ വഹിക്കു-
ന്നതിനുമനുവദിച്ചാരന്നു കൈവന്ന ഭീത്യാ. (൨൭)

അഭിനവവിജയശ്രീതന്റെയാലിംഗനത്താ-
ലനുപദമതിഗർവ്വം പൂണ്ടു നിസ്സാരബുദ്ധി
അവനഥ നിജമാകും ഭൂരിമാഹാത്മ്യമോർത്തി-
ട്ടുവതരപുരുഷൻ താനെന്നു നിശ്ശങ്കമോതി. (൨൮)

ശമനസഹജനായ് താനപ്പുരീവർത്തമാന്നി-
ട്ടമരുമധികപാപൻ ടിപ്പുവിൻഘോരദൃഷ്ടി
അനുപദമിഹ മന്ദൻതന്റെയുന്നാണമന്നാ-
ളനുപമരുചി തേടും കേരളത്തിൽ പതിച്ചു. (൨൯)

അഥ പുനരവനച്ചെസ്സൈന്യമോടാഗമിക്കു-
ന്നളവിലശുചിലോകസ്സൾഭാഷത്തെയോർത്തു
അവനിയിതു ഗമിച്ചാൽ പാംസുവെന്നുള്ള കള്ള-
ത്തൊടു സുരനദിയിൽ പോയ് മുങ്ങുവാനങ്ങു നൂനം. (൩൦)

അബലകൾ പുരുഷന്മാരെന്നു തന്നല്ല പാരം
പ്രബലഭയമൊടാരോ ദേവതാവൃന്ദവും ഹാ!
നിജവിഭവമശേഷം സത്വരം സന്ത്യജിച്ചി-
ട്ടുവരവരുടെ ഗേഹം വിട്ടു മണ്ടിത്തുടങ്ങി. (൩൧)

പ്രജകൾ, പരിവൃദ്ധന്മാർ, കോലപപ്പാദിവംശ-
പ്രഭവനരവരന്മാർ, ഭൂസുരന്മാരിവണ്ണം
പലരുമരിഭയത്താലന്നു സർവ്വസ്വവും വി-
ട്ടിഹ ശരണമണഞ്ഞാർ വഞ്ചിരാജാപകണ്ണോ. (൩൨)

"ഇഹ ബത! ഭഗവാൻ ശ്രീപത്മനാഭൻ തുണക്കും;
നഹി ഭയ"മിതി വഞ്ചിക്ഷ്മാവരൻ ധീരശാന്തൻ
അരുളിയവരെയെല്ലാം നവ്യഗേഹങ്ങളിൽതാ-
നരുതരമുപചാരം ചെയ്തു പാർപ്പിച്ചു മോദാൽ. (൩൩)

പടുതരമതി സുൽത്താൻ പാരമീർഷ്യാഭരത്താൽ
പടയൊടതികഠോരം പാഞ്ഞടുക്കുന്നനേരം
കടകളിഹ മുടങ്ങീ നായകന്മാർ നടുങ്ങീ
സ്സ്ഫുടഭയമിടതിങ്ങി ലോകരോടിത്തുടങ്ങി. (൩൪)

വിരുതൊടൊരു കരത്തിൽ കൃഷ്ണസൎപ്പം കണക്കെ
വിലസുമസിയിളക്കീട്ടന്യമാകും കരത്താൽ
തരയൊടു പശുമാംസം നൽകിയസ്സൈന്യജാലം
പെരുകിന മടമോടെ വീടുതോറും നടന്നു. (൬൫)

"ഇതരമതമണഞ്ഞിട്ടത്ര പാതിത്യമേൽക്കു-
ന്നതിലുമിഹ വരം താൻ കാലധൎമ്മം നിതാന്തം"
ഇതി മതിയൊടനിത്യം ജീവിതം, നിത്യകീൎത്തി-
സ്ഥിതി കരുതി വെടിഞ്ഞാരൊട്ടു പേരസ്സുശങ്കം. (൬൬)

"അഖിലമിഹ കളഞ്ഞും രക്ഷ്യമായുള്ളതാത്മാ"-
വിതി ഭയമൊടു ചിന്തിച്ചാത്മബോധപ്രമാദാൽ
ചിലർ സപദി മതത്തെശ്ശങ്കയെന്യേ വെടിഞ്ഞി-
ട്ടവനുടയ മതത്തിൽ ചേൎന്നു രക്ഷിച്ചു ദേഹം. (൬൭)

ചിലരിഹ ചതിയന്മാർ ദേഹവും സ്വീയമാകും
മതവുമഭിലഷിച്ചിട്ടന്നു വാളെക്കൊണ്ടു മാംസം
മുറിച്ചൊടഥ വെടിഞ്ഞാർ; തന്നിമിത്തം ത്രിശങ്കു-
സ്ഥിതിയതിചപലന്മാർ ഹന്ത! കൈക്കൊണ്ടുവല്ലോ. (൬൮)

അഥ ബത! മലബാറിൻപാലകൻ ശൈലസിന്ധു-
ക്ഷിതിപതി വലുതാമിസ്സങ്കടേ തൻകുടുംബം
പരമകൃപയെഴും ശ്രീവഞ്ചിഭൂപാസവൻകൽ
പരിചിനൊടു സമൎപ്പിച്ചഞ്ജസാ കാട്ടുകേറി. (൬൯)

പ്രതിഹതമതിസുൽത്താൻ വഞ്ചിഭൂപന്റെ ധൎമ്മ-
പ്രകടനമിതിലേറ്റം ദ്വേഷരോഷാന്ധനായാൻ;
സ്ഫുടമൊരു കടുവാ താനാഗ്രഹിച്ചോരു മാംസം
ഹരിണമപഹരിച്ചാൽ സന്ത്യജിക്കെന്നതുണ്ടോ? (൭൦)

അവനഥ വിവശന്മാൎക്കാശ്രയീഭൂതനാമീ
യവനിപനെയിളക്കീടുന്നതിന്നുദ്യമിച്ചു;
ജലമതിൽ നിപതിക്കുന്നോൎക്കു കൈ നൽകുവോനും
ചിലപൊഴുതു പതിക്കാനായതുവന്നായ്ഭവിക്കാം. (൭൧)

അവനുടെ സഖിയാകും മാടഭൂപാലകൻ ത-
ന്നവനിയണവതിന്നുള്ളോരു മാർഗ്ഗം തടുക്കും,
അതിനവമൊരു ദുർഗ്ഗം വഞ്ചിഭൂപൻ ചമച്ചാൻ,
സ്വമഹിയുടെ വടക്കേസ്സീമതന്നിൽ തദാനീം. (൪൨)

നരവരനിഹ മാടക്ഷോണിയിൽ ചേർന്നതാകും
വരണയുഗവുമന്നാൾ ഡച്ചുകാരോടു വാങ്ങി;
അവനുടനവ രണ്ടും യുദ്ധഹേതുക്കളാക്കി-
ട്ടഥ സപദി തിരിച്ചാൻ വഞ്ചിഭൂവിങ്കലേക്കായ്. (൪൩)

നരപതിയിഹ തന്നാൽ സേവ്യമാനൻ മുകുന്ദൻ-
തിരുവടി കുലദൈവത്തിന്റെയും ബന്ധുവാകും,
പ്രബലതയെഴുമാംഗ്ലേശന്റെയും ശത്രുവീര്യ-
പ്രമഥനപടു ചക്രം താൻ സഹായം നിനച്ചു. (൪൪)

അഥ നിജമഹിയെ ശ്രീപത്മനാഭൻകലർപ്പി-
ച്ചവനിപതിയവൻ തൻദാസഭാവം വഹിച്ചു;
മഹിതമതി സുഹൃത്താം മദ്രഭർത്താവിനോടി-
യ്യുചിതകഥ നിവേദിപ്പിക്കയും ചെയ്തു ധീമാൻ. (൪൫)

അവികലതരമേവം ദൈവികം മാനവീയം
ദ്വിവിധമപി ച യത്നം ഭൂപർത്തം നടത്തി,
പ്രബലതയൊടണഞ്ഞീടുന്ന നൈഷ്ഷൂര്യമരം,
പ്രതിഭടനെയെതിർപ്പാൻ പ്രേഷണം ചെയ്തു സൈന്യം. (൪൬)

അരിപടകളുമപ്പോളാക്കമോടേ നടന്നി-
ട്ടുരുകുതുകമൊടേ തദ്രാജ്യസീമാവിലെത്തി
സ്സുടമിഹ കൊടി തൂക്കിസ്സാലമൂലത്തിലത്യുൽ-
ക്കടരഭസമടിച്ചാർ പാളയം നീളവേ താൻ. (൪൭)

പരിഖയഥ കടന്നിട്ടെത്രയും ക്രുദ്ധരായോ-
രരികളധികവേഗാൽ സാലശൃംഗങ്ങളേറി;
പരിചിനൊടൊരു പാർശ്വത്തിങ്കൽ നിന്നത്ര വഞ്ചി-
ശ്വരഭടർ വെടിവെച്ചാർ മൂന്നു നാലെണ്ണമപ്പോൾ. (൪൮)

ബലവിരഹിതമാണെന്നാകിലും പാഞ്ഞു ചെല്ലും
നളികഗുളികയാലേ ഭീതമായ് വൈരിസൈന്യം;
ദ്വിപതതി വിപിനാന്തേ വ്യാധബാലപ്രയുക്തം
ചപലമുപലഖണ്ഡം കണ്ടു പേടിക്കുമല്ലോ. (൨൯)

എവിടെയമിതവീൎയ്യം ചേൎന്ന തൌലുഷ്കരാത്താ-
ളെവിടെ നൃപതിഭൃത്യന്മാരഹോ! ദുൎബ്ബലന്മാർ?;
ഇവരുടെ ഗുളികാസ്ത്രങ്ങൾക്കു നൂനം മുകുന്ദൻ
കൃപയൊടു നിജ ചക്രത്തിന്റെ സാന്നിദ്ധ്യമേകി. (൩൦)

നരവരകുലദൈവത്തിന്റെ സംപ്രീതിയാലോ
പെരിയൊരു മലയാളത്തിന്റെ ഭാഗ്യത്തിനാലോ
പരമിഹ ഭടവൃന്ദത്തിന്റെ വീൎയ്യത്തിനാലോ
ദരഭരമൊടു മണ്ടി ടിപ്പുസൈന്യങ്ങളെല്ലാം. (൩൧)

പരിഖയതു കടന്നീടുമ്പൊഴും കോട്ട കൈവി-
ട്ടുരുജവമൊടിറങ്ങീടുമ്പൊഴോടുമ്പൊഴും ഹാ!
തെരുതെരെ വെടിയേറ്റീ ടിപ്പുസൈന്യങ്ങളപ്പോൾ
കരിയിലകൾ കണക്കേ വീഥിതോറും പതിച്ചു. (൩൨)

ശിരസി ചെറിയ വട്ടത്തൊപ്പിയും, നാഭിദേശം
വരെയവിരളമെത്തും മീശയും, കാൽവരെയ്ക്കും
ഉരസിടുമൊരുടുപ്പും ചേൎന്ന ദേഹങ്ങളാൽ ഭൂ-
പരിസരമവിടത്തിൽ സംഛന്നമായി. (൩൩)

തെരുതെരെ നിജസൈന്യം തത്ര പേടിച്ചു മണ്ടി-
സ്സരഭസമഥ തമ്മിൽത്തിങ്ങി വിങ്ങിപ്പുരുണ്ടും
പരിഖയുടെ തടത്തിൽ പങ്കമദ്ധ്യത്തു സുൽത്താൻ
പരിഭവമൊടു പല്യത്തിങ്കൽ നിന്നും പതിച്ചു. (൩൪)

ചരിവിലിഹ ചരൽക്കല്ലിങ്കലേല്ക്കുണ്ടുരുണ്ടി-
ട്ടവനുടെയുടലെല്ലാം ഹന്ത! പാരം തകൎന്നു;
ഉരുമദമൊടു പാരം വിഗ്രഹധ്വംസനം ചെ-
യ്യൊരു ചരണവുമെന്നന്നഷ്ടമായിട്ടൊടിഞ്ഞു. (൩൫)

അവരുടെ മണിഭൂഷാസപ്പന്നദ്രവ്യമുഖ്യം
വിവിധവിഭവജാതം വീവധാദ്ര്യാപദാർത്ഥം
അഥ നരവരചിഹ്നം നാമമുദ്രാങ്കഖഡ്ഗാ-
ദികവുമവിടെ നിന്നും വഞ്ചിയോദ്ധാക്കളൊന്നു. (൬൬)

ഗളിതനിതി മഹാത്മാ വഞ്ചിഭൂജാനി മൈസൂ-
രെഴുമൊരു കടുവാതൻവക്ത്രഗർത്തിൽ നിന്നും
തെളിവൊടു വിജയശ്രീയോടു സഖ്യം വഹിക്കും
സുഭഗതരയശശ്രീ പൂണ്ടു പാരം വിളങ്ങി. (൬൭)

അതിരുജയൊടു സുൽത്താൻ ഭൃത്യഹസ്താവലംബി
പതിതഭടർ കിടന്നീടുന്ന മാർഗ്ഗത്തിലൂടെ
രുധിരമുടലിലെല്ലാം പൂണ്ടു പാരം മുടന്തീ-
ട്ടഥ നികടഗമാകും പാളയത്തിൽ ഗമിച്ചു. (൬൮)

പടനിലയനുമേവം പ്രാപ്തവാനായി വഞ്ചി-
ക്ഷിതിപതിയുടെ ദുർഗ്ഗംതന്നിൽ നിന്നാശു സുൽത്താൻ,
രുജയൊടു ഹൃതശൃംഗൻ കാളയക്ഷേകൻതൻ-
വിളനിലമതിൽ നിന്നും ഗോഷ്ഠദേശം കണക്കേ. (൬൯)

ഭടജനഹതിയാലോ സ്വാംഗഭംഗത്തിനാലോ
സ്ഫുടധനഹൃതിയാലോ സന്തപിച്ചില്ല സുൽത്താൻ;
തൃണസമനിതി ചിന്തിച്ചോരമിത്രൻകൽ നിന്നു-
ള്ളപജയമിതപൂർവ്വം പാർത്തുതാനാർത്തനായാൻ. (൭൦)

അവനുടയ ശരീരത്തിങ്കലുണ്ടായ നാനാ-
വ്രണമചിരമുണങ്ങിപ്പോയിതെന്നാലുമുള്ളിൽ
സ്ഫുടതരമുളവായോരപ്രിയാകാരമാകും
വ്രണമനുദിനമേറാം വീർത്തു താനാർത്തി നൽകി. (൭൧)

ഖലനഥ നിജമാകും വാഹനാശ്വത്തെ വഞ്ചീ-
ശ്വരകുലപരദൈവാംഭോജനാഭാലയത്തിൽ
വിലസിനകനകശ്രീകേതുവിൽ കെട്ടിടുന്നു-
ണ്ടിതി ബത! ശപഥം ചെയ്തീടിനാൻ ഗർവ്വമോടേ. (൭൨)

അഥ കുപിതനവൻ തൻസൈന്യയോടൊത്തണഞ്ഞ-
പ്പഥി വിലസിന ദുർഗ്ഗം, ദുർഗ്ഗമം ഭഗ്നമാക്കി
പ്രളയപവനവേഗം പൂണ്ട കല്ലോലജാല-
ങ്ങളൊടു കടൽ, തടത്തിൽ ചേർന്ന ശൈലത്തിനെപ്പോൽ (൱൩)

അധികമുയരമുള്ള കോട്ടയെല്ലാമിടിച്ചി-
ട്ടഥ ബഹുതരമാഴം കൊണ്ടു ദുഷ്പ്രാപമാകും
അരചനുടെ കിടങ്ങിൽ ചേർത്തു ധീരൻ നിരത്തി-
ച്ചുരിശമൊടു സമത്വം ഭൂതലത്തിന്നു നൽകി. (൱൪)

അഥ ദിശിദിശി പാരം പൊങ്ങിയോരുഗ്രഗന്ധാ-
ന്വിതമിഹ പടുസിദ്ധാർത്ഥോജ്ജ്വലൽസൈന്ധവോത്ഥം
പൊടി ബത! രിപുബാഹാകണ്ഡുവെത്തീർത്തു, നേരി-
ട്ടവനുടനണയുമ്പോളശ്വിമാഹാത്മ്യയുക്തൻ. (൱൫)

അതിബലനിഹ സുൽത്താൻ കണ്ട വസ്തുക്കളേയും
നരതതികളെയും ഹാ! നിർദ്ദയം സംഹരിച്ചു
പ്രളയമതിലെഴുന്നോരുഗ്രനാമുഗ്രനെപ്പോൽ
പ്രതിഭയബലശാലീ വന്നിതന്നാലുവായിൽ. (൱൬)

അവനിയതിലെഴും തൻശത്രുജാലം തകർത്തി-
ട്ടണയുമവനെയപ്പോളന്തരിക്ഷത്തിൽ നിന്നും
അതിരഭസമുദിച്ചീടുന്ന വർഷർത്തുവായോ-
രപരനഹിതവീരൻ വന്നു പെട്ടെന്നെതിർത്തു. (൱൭)

ഗഗനതലമതിങ്കൽ സ്ഫീതമാം വാതചക്രം
മികവിനൊടണിയായിച്ചുഴവും ചേർത്താകും
ജലധരനളികൌഘത്തിങ്കൽ നിന്നാശു വർഷോ-
പലഗുളികകളേറ്റം ഘോരമായിച്ചൊരിഞ്ഞു. (൱൮)

ഇത്ഥമിഹ പരിഗർജ്ജിക്കാതെയും ചഞ്ചലത്വം
കലരുമരിയ തേജസ്സുദ്വമിക്കാതെയും താൻ
അവനുടെ ഭടകൃത്യം നിന്ദചെയ്യുന്നപോല-
ന്നവനിയെയുദകത്തിൽ സ്നാനമാടിച്ചു ജോഷം (൱൯)

ജനമതിനതിതാപം സന്തതം ഹന്ത! നൽകും
ദിനമണിയുടെയെന്നല്ലായവന്റേയുമുഗ്രം
അഴകൊഴുകിടുമഭ്രദ്ദണ്ഡമാം മണ്ഡലാഗ്രം
മഴയഥ ഘനകോശത്തിന്നകത്താക്കിവെച്ചു. (൨൦)

ഉഡുപതരണിയാമാ ഭൂവിഭാഗത്തിലെന്യേ
ദിവി പുനരൊരിടത്തും കണ്ടിടാത്തുള്ള മട്ടിൽ
കൊടിയ മഴയപൂർവ്വം കണ്ടുടൻ ടിപ്പുസൈന്യം
ഭയതരളതയോടെ വിസ്മയിച്ചൻപരന്നു. (൨൧)

ജലമതിൽ മുഴുകീട്ടും പാളയത്തിന്നു ചുററും
ബലമൊടവിടെ നാട്ടീട്ടുള്ളൊരക്കാറി പോലും
അവനുടെ ഹയബന്ധം സമ്മതിച്ചില്ല; ശൗരി-
ക്കുടയ കൊടിമരത്തിൻവാർത്ത പിന്നെന്തു ചൊൽവു? (൨൨)

വിധുരഹൃദയനാകും വഞ്ചിഭൂവാസവൻതൻ-
ലിഖിതമിഹ ലഭിച്ചോരാംഗലേശൻ മഹാത്മാ
നിജസഖനൊടെതിർക്കും ടിപ്പുവാം പൂർവ്വശത്രു-
പ്രവരനെയഥ നേർപ്പാൻ വേണ്ടസന്നാഹമാർന്നു. (൨൩)

ശൂരൻ ഹൈദരപുത്രനും പരിചിനോടാംഗ്ലേയർ ചെയ്യുന്നൊരീ-
യാരംഭത്തെയറിഞ്ഞു കോപവുമലം മന്ദാക്ഷമുൾക്കണ്ഠയും
ഏറുന്നോരനുതാപവും വ്യസനവും കൈക്കൊണ്ടു തൻഗേഹമാം
ശ്രീരംഗത്തിനു തന്നെ വിഹ്വലതരം വേഗാൽ മടങ്ങീടിനാൻ.

"ടിപ്പുപല്ലവം"

എന്ന

പതിനൊന്നാംസർഗ്ഗം

സമാപ്തം.

പന്ത്രണ്ടാം സർഗ്ഗം.

കുലശേഖരഭൂപലേഖനം ക-
ണ്ടുവർമ്മസദസ്യരാത്തരോഷം
നലമോടുടനേ മതിന്നരിശ്രീ-
ബലസംഹാരവിധിക്കു കോപ്പുകൂട്ടി. (൧)

ഇഹ വൃണ്യകഹൈദ്രഭൂമിപന്മാർ
മഹിതശ്രീയുതരെങ്കിലും, ബലത്താൽ
ഉയരുന്നൊരു ടിപ്പുവിങ്കൽ നിന്നും
ഭയമോടന്നവശത്വമാർന്നിരുന്നു. (൨)

അവനോടു രണത്തിനാംഗലേശൻ
തുനിയുന്നെന്നവർ കേട്ടു, വീട്ടിൽവാഴും
അഹിവീരനെയാശു പാന്ഥനെക്കൊ-
ണ്ടഥ കൊല്ലിക്കണമെന്നു നിർണ്ണയിച്ചു. (൩)

ഇഹ സത്വതമോയുഗം രജസ്സോ-
ടണയുംപോലിരുഭൂപരും തദാനീം
സ്ഫുടവിഗ്രഹകർമ്മസിദ്ധി കാമി-
ച്ചുടനേയാംഗലനാഥനോടു ചേർന്നു. (൪)

അഥ സന്നഹനം നടന്നിടുമ്പോൾ
മതിമാൻ കാരണവാലിസാഹ്വ ഭർത്താ
പ്രകൃതം സമരം നടത്തുവാനായ്
പ്രബലൻ മദ്രപുരത്തിൽ വന്നുചേർന്നു. (൫)

അഥ വത്സരമൊന്നു ചേർന്നു തൊണ്ണൂ-
റതിലക്കോജ്ജ്വലമാം ഹിമർത്തുവിങ്കൽ
പടുസാദിപദാതിരമ്യമിംഗ്ലീഷ്-
പടഘോരം പടവെട്ടുവാൻ തിരിച്ചു. (൬)

അതിപേശലയാനകൌശലത്താ-
ലതിലംഘിച്ചു ജവേന ദീർഘമാർഗ്ഗം
ധൃതിപൂണ്ട ബലത്തൊടാംഗലേശൻ
പ്രതിരോധിച്ചിതു ബംഗളൂർ തദാനീം. (൭)

അരിഃയത്തുമറിഞ്ഞിടാതെയേതൽ-
പുരിയീവണ്ണമണഞ്ഞു കൈക്കലാക്കി
അതിവേഗമവൻ ധനോജ്ജ്വല,- ശ്രീ-
യുതരംഗോത്തരഗോപുരത്തിലെത്തി. (൮)

അതു കേട്ടിഹ ടിപ്പുവും സപത്നാ-
ഗതി രോധിപ്പതിനാശു ചെയ്തു യത്നം
അഥ നിഷ്ഫലമെന്നു കണ്ടു പോരി-
നുപകാവേരി ധരാധരാഗ്രമാർന്നു. (൯)

ഉടനാംഗലനാഥനദ്ധ്വമദ്ധ്യേ-
യിടചേർന്നുള്ളൊരു മിത്രസൈന്യമോടേ
അരിപത്തനസന്നികൃഷ്ടമായീ-
ടിന കാവേരിയതിൻസമീപമെത്തി. (൧൦)

തദനന്തരമാംഗലേയർ പാരം
സമരം ചെയ്തു തുലുഷ്കരോടു ഘോരം
പ്ലവഗാധിപർ പണ്ടു രാക്ഷസന്മാ-
രൊടു ലങ്കാനഗരത്തിലെന്നപോലെ. (൧൧)

ഇരുകക്ഷികളും മുതിർന്നു ഗാഢം
പൊരുതാർ മത്സരമോടു ദീർഘകാലം;
ധൃതിയാലവിചാല്യമൊന്നു, മറേറ-
തവിടെ സ്ഥാനബലത്തിനാലലംഘ്യം. (൧൨)

രണനൈപുണമുള്ളൊരാംഗലന്മാ-
രണു പോലും പിറകോട്ടു മാറിയില്ലാ;
ഹൃദി ഭീതിയൊടേ തുലുഷ്കർ മന്ദം
ധൃതി കൈവിട്ടു തുടങ്ങി സംഗരത്തിൽ. (൧൩)

ഉരുപത്തികളാണൊരാംഗ്ലസൈന്യേ
വരികില്ലൊക്കിൽ വിപത്തിചഞ്ചലതാൽ
ഇഹ സാദികളേവരും തദാനീം
സഹസാസാദികളായതത്ഭുതം താൻ! (൫൪)

ബലമോടു കടന്നുടൻ പരൻതൻ-
ബലവിന്യാസമിളക്കിയാംഗലൌഘം,
തടസംസ്ഥിതമായ പർവതത്തിൻ-
തടഭാഗം ജലവേഗമെന്നപോലെ. (൫൫)

ഹതശേഷസമാകുലസ്വസേനാ-
യുതനായോടിയുടൻ തുലുഷ്കനാഥൻ
നികടസ്ഥിതമൂലരാജധാനി-
ക്കകമേയുള്ളൊരു കോട്ടയിൽ ഗമിച്ചു. (൫൬)

പിറകേയണവാൻ കൊതിക്കിലും ദു-
ഷ്ടമപ്പോൾ നിജ ചീവധൌഘകാര്യം
നിരുപിച്ചു മടങ്ങിയാംഗലേന്ദ്രൻ
വിജയശ്രീയൊടു ബംഗളൂരിലെത്തി. (൫൭)

അവനപ്പൊഴകാലലാഭശാച്ഛ്യം
വിവധാസ്ത്രാദികമാർന്നു സൈന്യമോടേ
അണയുന്ന മഹോപസൃഷ്ടരാഷ്ട്രാ-
ന്നായസേനാനിയെ മാർഗ്ഗസീമ്നി കണ്ടു. (൫൮)

അതിദുർഗ്ഗമതാകമൌഘരാഹം
പൊടിയാക്കാനിവനാർന്നതാ വിളംബം;
സമയത്തിവനെത്തിയെങ്കിലന്നി
വിമതൻതൻകഥ തീരുമായിരുന്നു. (൫൯)

തൃണലോഷ്ടചയം മുതൽക്കനർഘാ
മണിജാലം വരെയും കവർന്നു കാമം
അണയുന്ന സുഹൃത്തിൽ നിന്നു ഭൂരി-
പ്രണയം ദൈവപ്യവരൻ സുഭിക്ഷമാർന്നു. (൬൦)

അഥ പ്രേഷകഭൃത്യർ ചൊന്ന ഭംഗ്യാ-
സ്ഥിതിയേവം ധാന്യവണിഗ്ഗണത്തിൽ നിന്നും
പല വസ്തുചയം വിലയ്ക്കു വാങ്ങി-
ച്ചുലകജ്ജാലത്തിനെഴുന്നൊരാടൽ തീർത്തു. (൨൧)

ബലമിങ്ങനെ പുഷ്ടമായ പോതും
മികവേറും മതിശാലിയാംഗലേശൻ
മഴവില്ലയടുക്കയാൽ തുനിഞ്ഞി-
ല്ലരിതൻമൂലപുരോപരോധനാർത്ഥം. (൨൨)

പഴതായി നശിച്ചുമില്ല ചൊറവും
ധൃതിമാൻ ദുർഗ്ഗിനമീശ്ലമായകാലം;
അരി വൈരമൊടേ വസിച്ചിടുമ്പോ-
ളലസത്വം നിപുണന്നുദിപ്പതുണ്ടോ? (൨൩)

അരിസേനകളെത്തുരത്തി വേഗാൽ
മലയാളം കുടകെന്നിവാറിൽ നിന്നും
ബലമോടണയുന്നൊരാബെർകോംബ്യാ-
ഹ്വയനാം ഭൃത്യനമത്ര വന്നുചേർന്നു. (൨൪)

ഇതി സംഗതരായ് ഭവിച്ച മിത്ര-
ദ്വയഭൃത്യാമിതസൈനികക്രമേണ
മഹിശൂർഗ്ഗദുർഗ്ഗജാലരോധം
സഹസാ ചെയ്വതിനാജ്ഞ നൽകി വീരൻ. (൨൫)

പുനരാംഗലസേന ചെന്നു, തുക്കേ-
യുയരം പാരമെഴും മലയ്ക്കു മേലിൽ
ശിലയാൽ കൃതസാലമായ നന്ദി-
പ്രമുഖം ദുർഗ്ഗപുരം പിടിച്ചടക്കി. (൨൬)

ദൃഢഗുപ്തികളാൽ ദുരാപമാണെ-
ന്നതിവിഖ്യാതി കലർന്ന ദുർഗ്ഗജാലം
പരിചോടു പിടിക്കയാലവർക്കു-
ള്ളുരുകീർത്തിക്കൊരു മാററുകൂടിയന്നാൾ. (൨൭)

ജളനായഥ ടിപ്പുവാത്മദുർഗ്ഗ-
ങ്ങളിലാംഗ്ലേയർ മദിച്ചു വെച്ചു പാദം,
വിലസുന്ന കിരീടമാൎന്നിടും തൻ-
തലയിൽ തന്നെ പതിച്ചതായ് നിനച്ചു. (൨൮)

പുരഭിത്തിയിലാംഗ്ലദൂഷകം ചേ-
ൎത്തൊരു ചിത്രങ്ങളഴിക്കുവാൻ പുരാ താൻ
അരുളീടിന ടിപ്പുവിൻ ഭയത്തി-
ന്നുരുവായിട്ടുളവായി മൂൎച്ഛയിപ്പോൾ. (൨൯)

ഇവനുള്ളിലനല്പഭീതി നൽകും
പ്രബലൻ ദൈപപ്യബലേന്ദ്രനും രണാൎത്ഥം
ശുഭമാം സമയേ ഗമിച്ചു ധീമാൻ
നൃപധാനിക്കു സമീപമെത്തി വേഗാൽ. (൩൦)

അഥ ഗുപ്തിയെഴും പുരത്തിനഗ്രേ
നിജസൈന്യത്തെ നയിച്ചു ടിപ്പുവീരൻ
ചെറുകുന്നുകളാൽ മറഞ്ഞൊരഗ്രം
കലരും ഭൂമിതലേ നിരത്തി നിൎത്തി. (൩൧)

ദൃഢമിങ്ങനെ നിന്ന ഘോരസേനാ-
പടലത്തെ സ്ഫുടമാക്രമിപ്പതിന്നായ്
ഇഹ കാരണവാലിസാഖ്യനല്ലാ-
തൊരു വീരന്നുമുദിക്കയില്ല ധൈൎയ്യം. (൩൨)

പടുധീരമവൻ ഹറോന മൈസൂർ-
ക്കടുവാതൻകുടിയിൽ കഠോരവീൎയ്യൻ
ചൊടി പൂണ്ടു കടന്നു തന്നെ ഗവ്-
ൎണ്ണൊട്ടു നായാട്ടുവതിന്നുടൻ തുടൎന്നു. (൩൩)

അധിഭൎത്തൃതതാ തദാംഗ്ലസേനാ
കുതുകാൽ മൂന്നു വഴിക്കു ചെന്നണഞ്ഞു
രണഭൂമിതലം, ഭഗീരഥോൎവ്വീ-
പതിനീതാ സുരസിന്ധുവാഴിയെപ്പോൽ. (൩൪)

ശശിരശ്മിസഹായമാൎന്നമന്ദം
നിശി നിശ്ശബ്ദതരം നടന്നു സൈന്യം
നദി നേർവഴിയേ കടന്നു ചെന്ന-
ങ്ങുദയത്തിന്നഥ പുക്കു സാലമൂലം. (൩൫)

അരി മൂലപുരത്തെയാക്രമിച്ചു;
പുരവാസിവ്രജമൻപരന്നു മണ്ടീ;
മമ സൈന്യമനാഥം—മിപ്പൊഴുണ്ടാം
സകലോൻമൂലനമെന്നു ടിപ്പുവോൎത്തു. (൩൬)

അഥ പൂൎണ്ണയമുഖ്യമന്ത്രിമാരോ-
ടവനാലോചന ചെയ്തു, രക്ഷ തേടാൻ
കൊതി പൂണ്ടരിവീരരോടു സന്ധി-
ക്കതിമാത്രം വിനയം കലൎന്നിരന്നു. (൩൭)

ഇഹ ബന്ധനമോചിതാംഗ്ലബന്ദി-
യുഗളത്തോടഥ ഘോഷമാലിയാകും
നിജഭൃത്യനെ വിട്ടു സന്ധികാൎയ്യം
പറവാനായവനാശു ദൈന്യമോടേ. (൩൮)

ബഹു ബന്ദിവധാപരാധവാനെ-
ങ്കിലുമീ വൈരിയിരന്നു ചൊന്ന സഖ്യം
അഥ കാരണവാലിസൻ ഗ്രഹിച്ചാൻ;
മഹിതന്മാരവശൎക്കു വശ്യരല്ലോ. (൩൯)

നിജരാജ്യമതിന്റെ പാതി, കോടി-
ത്രയവും മുപ്പതു ലക്ഷവും തഥൈവ
രജതങ്ങളുമത്ര മിത്രവാനാം
വിജയിക്കായ് വിജിതൻ കൊടുത്തിടേണം; (൪൦)

ഇതശേഷവുമേകുവോളവും തൽ-
സുതയുഗ്മം ജയിയോടു മേവിടേണം;
ഇതി ദാരുണമായ സന്ധിയേതും
ക്ഷതിയെന്യേ സഭയിങ്കൽ നിശ്ചയിച്ചു. (യുഗ്മകം)

ഗതി കെട്ടവശതപ്പെട്ടുവെന്നാൽ
പുലി താൻ പുല്ലുമൊരിക്കലാസ്വദിക്കും
ഇതി ലോകവചസ്സു സത്യമാക്കാ-
റത്തു കൈക്കൊണ്ടിതു ഹൈദരാത്മജന്മാ. (൪൨)

പ്രണയാകുലനായ് വലഞ്ഞു സുൽത്താൻ
പണയം നൽകിയ തൽകുമാരകന്മാർ
തുണ വിട്ടു കഴിഞ്ഞ വക്ത്രമോടെ
പുനരാംഗ്ലേയനിവേശമാഗമിച്ചു. (൪൩)

കരുണാകുലനാംഗലേശനപ്പോ-
ളവരെച്ചൊന്നതിരേറെ വേണ്ടവണ്ണം,
നരപാലസുതോചിതങ്ങളായോ-
രുപചാരങ്ങളുമൻപിനോടു ചെയ്തു. (൪൪)

വലുതായ സഹായമൊന്നുമന്നാൾ
സഖിമാരാലുളവായതില്ല പോരിൽ;
അവനെങ്കിലുമായവൎക്കു തുല്യം
ജയലബ്ധം വിഭവം പകുത്തു നൽകി. (൪൫)

അഥ പേഷ്വനൃപനു തുംഗഭദ്രാ-
നദിയോളം ധരണീതലം ലഭിച്ചു
ഇഹ ദക്ഷിണദിക്കിലുള്ള പിന്നാർ
വരെ മൈസൂർമന്നൃപന്നുമപ്രകാരം. (൪൬)

പരമുത്തരകേരളപ്രദേശം
പരിചിൽ ബ്രമഹലത്തെയും തദാനീം
പൃഥുകീൎത്തിയൊടാംഗലേയനാഥൻ
പ്രഥിതം ഡിണ്ഡിഗലും ലഭിച്ചുവല്ലോ. (൪൭)

ഇതി, സന്ധിയതിൻ കരാറു, തൊണ്ണൂ-
റൊട്ടു രണ്ടാന്നിട്ടുമാണ്ടിൽ മാൎച്ചുമാസേ
പതിനെട്ടു തികഞ്ഞിടുന്ന നാൾ, തീ-
ൎത്ഥ വംശത്തിന വാലിസൻ ഗമിച്ചു. (൪൮)

അഥ രാജ്യമൊരാണ്ടു മാത്രമേ യീ-
യധിഭർത്താവു ഭരിച്ചതുള്ളു;—വെന്നാൽ
അതിനുള്ളിലിവൻ മതിന്നു നാനാ-
വിധതന്ത്രങ്ങളലം പരിഷ്കരിച്ചു. (൬൯)

നരപാലകർ പണ്ടു ഭൂമിയെല്ലാം
നിജമാകും ധനമെന്നു താൻ ഗണിച്ചു
അധികാരികൾ നൽകിടുന്നൊരുർവ്വീ-
കരജാലത്തെ മുദാ ഗ്രഹിച്ചുവന്നു. (൭൦)

അധികാരമതും പരമ്പരാപ്തം
പല മാർഗ്ഗങ്ങളിലും ക്രമാൽ പടർന്നു
വിനിയന്ത്രണഹീനമായ മൂലം
ബഹുദോഷങ്ങളതിങ്കലുത്ഭവിച്ചു. (൭൧)

അധികാർദ്ധ്യത പൂണ്ടശേഷമാരായാ-
രധികാരത്തെയിവണ്ണമാർന്നവൻ താൻ
പൃഥിവീപതിയെന്നു ലോകരെല്ലാ-
മഥ ചിന്തിച്ചു തുടങ്ങി ഭക്തിപൂർവ്വം. (൭൨)

മകുടം കുട ചാമരങ്ങളെന്നീ
വക കൈക്കൊണ്ടു തെളിഞ്ഞു ഗർവ്വമോടെ
ഇവരിൽ ചിലർ ചക്രവർത്തിതൻ കീ-
ഴിയലും ഭൂപതിഭാവമാർന്നുകൊണ്ടാർ. (൭൩)

ചില നായകർ ഭൂപതിക്കു ഭൂമീ-
ഫലജാലങ്ങളിലാറിലൊന്നു നൽകി
അവശിഷ്ടമെടുത്തു പുഷ്ടിയാർന്നി-
ട്ടഥ കൈക്കൊണ്ടു ജമിന്ദരാഭിധാനം. (൭൪)

അനുവേലമിഹാധിരാജസാമ-
ന്തകഭൂപാലകർ മാറിടുന്ന പോതും
അവനിക്കുടമസ്ഥരായിരുന്നോ-
രവരേതും ക്ഷതിയെന്നിയേ വസിച്ചാർ. (൭൫)

പുനരാംഗലരുൎവ്വിയാന്ന കാലം
സുനയൻ വാരണനു,-ജ്ജമിന്ദരന്മാർ
കൃഷിയേററി നടന്നുവന്ന നാട്
ങ്ങിഹ ലേലം വിളികൊള്ളുവോൎക്കു നൽകി. (൯൬)

ഹിതമെങ്കിലുമിന്നയം തദാനീം
ദ്രുതമേററം ദുരുദൎക്കമായ് ഭവിച്ചു;
സ്ഥിരരാവലകൾ വിട്ടുഭൂവിനന്നാൾ
പല കൈ മാറുകയാൽ ഫലം കുറഞ്ഞു. (൯൭)

ഇതി വാരണരീതിയാലുദീതം
ക്ഷതിയക്കാരണവാലിസൻ നിനച്ചു
മതിമാൻ കൃഷിയോഗ്യമായ സൎവ്വ-
ക്ഷിതിയും നൽകി ജമിന്ദരൎക്കു വീണ്ടും. (൯൮)

അവരാലഥ ദേയമാം കരത്തി-
ന്നവനപ്പോളവക്ലുപ്തിയും വരുത്തി;
അതിനാൽ കഴിയുന്നപോലെ ധാന്യം
വിളയിപ്പാനവരും തുനിഞ്ഞുപാരം. (൯൯)

ജനരക്ഷണശിക്ഷണാധികാരം,
കരജാലഗ്രഹണം നടത്തിമേവും
അധികാരിജനത്തിൽ നിന്നെടുത്തി-
ട്ടിതരന്മാൎക്കു കൊടുത്തു വാലിസാഖ്യൻ. (൱൦)

മതിമാനിഹ ധൎമ്മപാലരേയും
പ്രതിദേശം ബത! നീതിപാലരേയും
നിയമിച്ചു പരിഷ്കരിച്ചു കാമം
പ്രയതം ജാനപദാവനാധികാരം. (൱൧)

അഥ ദണ്ഡനയങ്ങളും പ്രശോധി-
ച്ചധികം സാധു പരിഷ്കൃതങ്ങളാക്കി;
ഇഹ കിം ബഹുനാ? സമസ്തതന്ത്ര-
ങ്ങളുമന്നഷ നവീകരിച്ചുദക്ഷൻ. (൱൨)

അധികാരിജനത്തിനായ് പ്രഭുത്വം
മിതമല്ലാത്ത വിധം കൊടുത്തമൂലം
അവനന്നു പരിഷ്കരിച്ച പോലീസ്-
നിയമം മാത്രമഹോ! സദോഷമായി. (൩൩)

ഗുണവത്തുകളെങ്കിലും സ്വദേശ്യ-
ർക്കിവനേകീലധികാരമൊന്നുമന്നാൾ
ജനസമ്മതമായിരിക്കിലും മേ-
ലണയും വഞ്ചനയെന്ന ശങ്കയാലേ. (൩൪)

അധുനാ കില ദേശ്യലഭ്യമല്ലാ-
തധികാരം ദൃഢമൊന്നുമില്ല പാർത്താൽ;
അതിനാലിവനർഹനല്ല നിന്ദ-
യ്ക്കു;—ലർമൊട്ടിൻഗുണമംകുരത്തിനുണ്ടോ? (൩൫)

ധീമാൻ ക്ലൈവൊരു സീമരേഖ വഴിപോൽ
ചേർത്തുള്ള സാമ്രാജ്യമാ-
മോമൽ ചിത്രപടത്തിനാകൃതി മുദാ
നൽകീടിനാൻ വാരണൻ;
കാമം കാരണവാലിസൻ കരവിലാ-
സംകൊണ്ടു കാന്തിച്ഛടാ-
സാമഞ്ജസ്യമെഴും വിധത്തിൽ നിറമി-
ട്ടേവം മിനുക്കീടിനാൻ. (൩൬)

ഈവണ്ണം രിപുബാധ നീങ്ങിയുദയാ-
രംഭങ്ങളാലുജ്ജ്വല-
ശ്രീ വിങ്ങുന്നൊരു രാജ്യഭാരമധിഭ-
ർത്താവായിട്ടും വാലിസൻ

ധീരൻ തൻസഹകാരിയായി മരുവും
ജാൺഷോറിതി ഖ്യാതനാം
വീരൻതന്റെ ശിരസ്സിൽ വെച്ചഥ നിജം
ഗേഹം ഗമിച്ചാൻ ശുഭം. (൩൧)

"ടിപ്പുദമനം"

എന്ന

പന്ത്രണ്ടാം സർഗ്ഗം.

സമാപ്തം.

ആംഗലസാമ്രാജ്യം

ടിപ്പണം.

൧൧-ാം സൎഗ്ഗം.

---

൧. അധിഭൎത്താ=Governor General. വാരണൻ=Warren Hastings.

൩. പീടപ്രണീതം=പീടനാൽ ഉണ്ടാക്കപ്പെട്ടത്. പീടൻ=Pitt. കരണം= Act of Parliament. യന്ത്രണാസ്ഥാനി=Board of control. കാൎണ്ണവാലിസ്=Cornwallis.

൬. അബ്ദമെണ്പതൊന്നാരാറിൽ=൧൭൮൬-ാം വൎഷത്തിൽ.

൮. മുൻപേ ചൊന്നപോൽ സന്ധാ=യുദ്ധം ചെയ്തു എടുത്തിട്ടുള്ള ദേശങ്ങളെ ഇരുഭാഗക്കാരും തിരിയെ നൽകണം എന്നുള്ള സഖ്യം. മംഗലാഖ്യം പുരവരം=Mangalore.

൧൦. ജാഡ്യം=മൂഢത. അഹിസമകരവാളം=സൎപ്പതുല്യമായ വാൾ.

൧൨. മഹത്താപം=ശൌൎയ്യവിഷയത്തിലുള്ള മഹത്താപം.

൧൩. ധൎമ്മദൂതൻ=Missionary.

൧൬. കുടകാഖ്യം=കുടക് എന്ന പേരോടുകൂടിയത്. Coorg.

൧൮. ലുഞ്ചിതകേശൻ=മൊട്ടത്തലവൻ.

൨൦. പല വൎണ്ണം ചേൎന്ന=ബ്രാഹ്മണാദിനാനാജാതിസംകീൎണ്ണമായ; അനേകാവ്യക്തഘടിതമായ (Consisting of several unknown quantities) എന്നും. രാശി=ജനസമുദായം; കണക്കിൽ പ്രസിദ്ധമായ വ്യക്താവ്യക്തഗണം (An expression) എന്നും. ദുൎഘാതം=തീവ്രമായ ഹിംസ; അപവൎത്തനം (Reduction) എന്നും. പക്ഷം ചുരുക്കി=വൎഗ്ഗബലം കുറച്ചു; പക്ഷം രണ്ടും ലഘൂകരിച്ചു (Having re-

duced the two sides to the lowest terms) എന്നും. ക്രിയകൾ=വർദ്ധനമർദ്ധനാദികൾ; ഗുണനഹരണാദികൾ എന്നും. അപവൃത്താവസ്ഥനൽകി=അപവൃത്താവസ്ഥയെ നൽകീട്ട് - അപവൃത്താവസ്ഥ=അപവൃത്തന്മാർ എന്ന അവസ്ഥ- അപവൃത്തന്മാർ=സദാചാരത്തിൽനിന്നു ഭ്രംശിച്ചുപോയവർ; അപവൃത്താവസ്ഥ=അപവർത്തിക്കപ്പെട്ടത് എന്ന അവസ്ഥ-(The state of being reduced)എന്നും. സാമ്യം നയിച്ചു=ജാതിഭേദമില്ലാത്തതാക്കിച്ചെയ്തു; സമീകരണം എന്ന ക്രിയകൊണ്ടു ബീജത്തെ ഉദ്ധരിച്ചു. (Found out the value by Equation) എന്നും.

൨൧. വർദ്ധനം=തരംകിച്ഛേദം (മാറ്റംചെയ്തു)

൨൨. അർത്ഥവാദം=പ്രത്യേകോദ്ദേശ്യത്തോടുകൂടിപ്പറയുന്ന സ്തുതി.

൨൩. അപൂർവ്വക്ഷോണിപാലാംഗഭ്രവ്=അപൂർവ്വനായ രാജാവിന്റെ (ഹൈദരുടെ) പുത്രൻ- ഹൈദർ സാധാരണകുലത്തിൽ ജനിച്ചിട്ട് ക്രമേണ രാജാവാകയാണ് ചെയ്തത്.

൨൭. പർണ്ണവീശൻ=Farnavis.

൨൯. ശമനസഹജർ=ശമനനോടു(കാലനോടു)തുല്യൻ; കാലന്റെ സഹോദരൻ എന്നും, അപ്പരീവർത്തം അന്നിട്ട്=പൂർവ്വോക്തമായ പരിവർത്തനംചെയ്തിട്ട് -- പരിവർത്തനംചെയ്ക=മതം മാററുക _ജനങ്ങളെ അവരുടെ മതത്തിൽനിന്നു സ്വമതത്തിൽ ചേർക്കുക; പ്രസിദ്ധമായ രാശി ചക്രഭ്രമണംചെയ്തിട്ട് എന്നും.

൩൧. ദേവതാവൃന്ദം ഗേഹംവിട്ടു മണ്ടി=വിഗ്രഹങ്ങളെ നശിപ്പിക്കയാൽ ദേവന്മാർ ക്ഷേത്രം വിട്ടുപോയി എന്നർത്ഥം.

൩൯. ശൈലസിന്ധുക്ഷിതിപതി=സാമൂതിരിരാജാവ് - വഞ്ചിഭ്രവാസവൻ=തിരുവിതാംകൂർമഹാരാജാവ്. (രാമവർമ്മമഹാരാജാവ്.)

൪൩. വരണയുഗം=രണ്ടു കോട്ടകൾ-അയിക്കോട്ടയും കൊടുങ്ങല്ലൂർകോട്ടയും.

൪൪. ചക്രം=സുദർശനം എന്ന ആയുധം; സൈന്യം എന്നും.

൪൧. അഹിതകഥ=അഹിതന്റെ (ശത്രുവിന്റെ) കഥ.

൫൭. ദുർവ്വർണ്ണം=വെള്ളി. വിവധാദ്യം=ക്ഷേമസാധനങ്ങൾ മുതലായത്.

൩൦. അമിത്രങ്കൽനിന്ന്=ശത്രുവിൽനിന്ന്- വഞ്ചിരാജാവിൽനിന്ന്. അപൂൎവ്വം=മുൻപ് ഉണ്ടായിട്ടില്ലാത്തത്.

൩൨. ഉഗ്രഗന്ധാന്വിതം=ഉഗ്രമായ ഗന്ധത്തോടുകൂടിയത്; ഉഗ്രാഗന്ധയോടു (വയമ്പോടു) കൂടിയതെന്നും. പടുസിദ്ധാൎത്ഥോജ്ജ്വലൽസൈന്ധവോത്ഥം=സാമൎത്ഥ്യമുള്ളവയും കൃതാൎത്ഥങ്ങളും ശോഭിക്കുന്നവയും ആയ (സൈന്ധവങ്ങൾ) കുതിരകൾ ഹേതുവായിട്ടുണ്ടായത്; പടുവായ (രസവിശേഷമുള്ള) സിദ്ധാൎത്ഥവും (കടുകും) ഉജ്ജ്വലത്തായ (നിൎമ്മലമായ) സൈന്ധവവും (ഇന്തുപ്പും) കൊണ്ടുണ്ടായത് എന്നും- ബാഹാകണ്ഡു=കൈത്തരിപ്പ്; കൈയിലുള്ള ചൊറി എന്നും-അശ്വിമാഹാത്മ്യയുക്തൻ=അശ്വികളുടെ (കുതിരപ്പട്ടാളങ്ങളുടെ) മാഹാത്മ്യത്തോടു കൂടിയവൻ; അശ്വിനീദേവകളുടെ മാഹാത്മ്യംപോലെയുള്ള മാഹാത്മ്യത്തോടുകൂടിയവർ എന്നും.

൩൩. ഉഗ്രൻ=ശിവൻ.

൩൮. വാതചക്രം=കാററാകുന്ന സൈന്യം. ജലധരനളികൌഘഃ=ജലധരങ്ങൾ (മേഘങ്ങൾ) ആകുന്ന നളികങ്ങളുടെ (തോക്കുകളുടെ) ഓഘം- (സമൂഹം) വൎഷോപലഗുളികകൾ=വൎഷോപലങ്ങൾ (ആലിപ്പഴങ്ങൾ) ആകുന്ന ഗുളികകൾ (ഉണ്ടകൾ.)

൩൯. ഋതു=വൎഷാകാലം. തേജസ്സ്=മിന്നൽ. ഘോഷം=നിശ്ശബ്ദമായിട്ട്- ഇടവപ്പാതിയിലെ മഴയ്ക്കു മിന്നലും ഇടിയും പതിവില്ല. "ഗൎജ്ജതി ശരദി ന വൎഷതി, വൎഷതി വൎഷാസു നിഃസ്വനോ മേഘഃ" എന്നും ഉണ്ടു.

൪൦. താപം=ചൂടു; ദുഃഖമെന്നും. ഉദ്യദ്ദണ്ഡം=ശോഭിച്ചിരിക്കുന്ന ദണ്ഡനോടുകൂടിയത്. (ദണ്ഡൻ സൂൎയ്യന്റെ പാരിപാൎശ്വികന്മാരിൽ ഒരുവനാകുന്നു.) വൎദ്ധിച്ചിരിക്കുന്ന ശത്രുദമനത്തോടു കൂടിയതെന്നും. മണ്ഡലാഗ്രം=ബിംബാഗ്രത്തെ; വാളിനെ എന്നും. ഘനകോശം=മേഘമാകുന്ന ഉറ; കട്ടിയുള്ളതായ ഉറ എന്നും.

൪൧. ഉഡുപതരണിയാനം=ഉഡുപതരണികളുടെ യാനം. ഉഡുപതരണികൾ=ഉഡുപവും തരണിയും. ഉഡുപം=പൊങ്ങുതടി. തരണി=വ

ള്ളം; ഉഡുപനും തരണിയും എന്നും. ഉഡുപൻ=ചന്ദ്രൻ. തരണി=സൂൎയ്യൻ. യാനം=ഗമനം.

൧൨-ാം സൎഗ്ഗം.

൧. അരിശ്രീബലസംഹാരവിധിക്ക = ശത്രുവിന്റെ ഐശ്വൎയ്യബലത്തെ നശിപ്പിക്കുന്നതിന്.

൨. പുണ്യകഹൈദ്രഭൂമിപന്മാർ= പൂനാ, ഹൈദ്രബാദ് ഇവയുടെ അധിപന്മാർ.

൩. "സ്വദേശത്തിലെ ശത്രുവായ ടിപ്പുവിനെ ഇംഗ്ലീഷ്കാരെക്കൊണ്ടു കൊല്ലിക്കണം" എന്നു പറയേണ്ടതിനുപകരം ലളിതാലങ്കാരരൂപേണ അതിന്റെ പ്രതിബിംബരൂപമായി "വീട്ടിൽ വാഴും അഹിയെ (സൎപ്പത്തെ) പാന്ഥനെക്കൊണ്ടു കൊല്ലിക്കണം" എന്നു പറഞ്ഞിരിക്കുന്നു.

൪. വിഗ്രഹകൎമ്മസിദ്ധി= യുദ്ധകൎമ്മത്തിന്റെ സിദ്ധി; ശരീരസൃഷ്ടിയുടെ സിദ്ധി എന്നും.

൫. ധനോജ്ജ്വല— ശ്രീയുതരംഗോത്തരഗോപുരം = ധനങ്ങളെക്കൊണ്ടു ശോഭിച്ചിരിക്കുന്ന— ശ്രീയുതരംഗത്തിന്റെ (ശ്രീരംഗത്തിന്റെ) വടക്കേ ഗോപുരം.

൬. ഉപകാവേരി=കാവേരീനദിയുടെ സമീപത്തിൽ, ധരാധരാഗ്രം=പൎവ്വതാഗ്രം.

൧൦. സന്നികൃഷ്ടം=സമീപത്തിലുള്ളത്.

൧൨. അവിചാല്യം=ചലിപ്പിക്കപ്പെടുവാൻ കഴിയാത്തത്.

൧൪. ഉരുപത്തികൾ=വളരെ കാലാൾപ്പടകൾ. വിപത്തിചഞ്ചലതാ=പത്തികളോടു കൂടാത്തതും ചഞ്ചലവും ആയിരിക്കുന്നത് എന്ന അവസ്ഥ— വിപത്തി (ആപത്തു) കൊണ്ടുള്ള ചഞ്ചലതാ എന്നും— സാദികൾ=കുതിരപ്പട്ടാളങ്ങൾ. സഹസാസാദികൾ= സഹസാ—അസാദികൾ എന്നു

പദച്ഛേദം. സഹസാ=പെട്ടെന്ന്; സൈഥൎയ്യത്തോടു കൂടി എന്നും. അസാദികാഃ=സാദികളല്ലാത്തവർ എന്നു വിരോധം— അസാദികാഃ=ക്ഷീണിക്കാത്തവർ എന്നു പരിഹാരം.

൧൫. പരൻ=ശത്രു.

൧൮. അകാലലാഭശോച്യം=കിട്ടേണ്ടതായ സമയം കഴിഞ്ഞതിൻെറ ശേഷം കിട്ടിയതിനാൽ ശോചനീയമായ. മഹോപസൃഷ്ടരാഷ്ട്രം=മഹാരാഷ്ട്രം. മഹോപസൃഷ്ടരാഷ്ട്രാന്നായസേനാനിയെ=മഹാരാഷ്ട്രസേനാനായകനെ.

൨൦. ഭൂരിപ്രണയം=വളരെ സ്നേഹത്തോടു കൂടുംവണ്ണം.

൨൧. ഭൃംഗാൎയ്യഭിധം=Bringavis എന്നു പേരുള്ള.

൨൩. നന്ദിപ്രമുഖം ദുൎഗ്ഗപുരം=നന്ദിദുൎഗ്ഗം മുതലായ ദുൎഗ്ഗപുരങ്ങളെ എന്നൎത്ഥം.

൨൯. ആംഗ്ലദൂഷകം=ഇംഗ്ലീഷുകാരെ ദൂഷിക്കുന്നതാകുംവണ്ണം. മൂൎച്ഛ=വൎദ്ധന.

൩൪. അധിഭൎത്തൃഭൃതാ=അധിഭൎത്താവിനാൽ ഭരിക്കപ്പെട്ടത്. സുരസിന്ധു=ഗംഗാനദി.

൩൮. ബന്ധനമോചിതാംഗ്ലബന്ദീയുഗളം=ബന്ധനത്തിൽ നിന്നു വേർപെട്ടപ്പെട്ട രണ്ട് ഇംഗ്ലീഷുകാരായ തടവുകാർ.

൪൫. അവനെങ്കിലും— എങ്കിലും അവൻ എന്ന് അന്വയം.

൪൭. ബ്രഹ്മഹലം=Barmahal.

൫൧. പരംപരാപ്തം=പാരമ്പൎയ്യവഴിക്കു കിട്ടിയത്.

൫൪. ജമിന്ദാരൻ=Zemindar.

൫൫. അധിരാജസാമന്തകഭൂപാലർ=അധിരാജനും സാമന്തരാജാക്കന്മാരും.

൫൭. ദുരുദൎക്കം=ദുഷ്ടമായ ഭാവിഫലത്തോടുകൂടിയത്.

൬൦. രക്ഷണശിക്ഷണാധികാരം= Civil and Criminal Powers.

൬൧. ധൎമ്മപാലർ=Magistrates. നീതിപാലർ=Judges. ജാനപദാവനാധികാരം=Civil administration.

൬൨. ദണ്ഡനയം=Criminal Law.

൬൪. സ്വദേശ്യർക്ക്=ഇൻഡ്യക്കാൎക്ക്.

൩൬. ദേശ്യലഭ്യം=ദേശ്യജനങ്ങൾക്കു ലഭിക്കത്തക്കതു്.

ഇന്നു് സ്വദേശീയൎക്കു ലഭ്യമല്ലാത്ത അധികാരം ഇല്ലഎന്നുവെച്ചു് അന്നു് അയധികാരം കൊടുത്തില്ല എന്നവിഷയത്തിൽ കാറൺവാലിസ്സിനെ നിന്ദിക്കാൻ പാടില്ല. അന്ന ഇംഗ്ലീഷ്കാൎക്കു് ഇവിടെ ആധിപത്യം അങ്കുരിച്ചതേ ഉള്ളൂ. ഇന്നാകട്ടെ അതു് പുഷ്ടിതമായിരിക്കുന്നു. കാലഭേദത്താൽ ചെയ്യുന്ന നയം നിന്ദ്യമല്ല എന്നു താൽപൎയ്യം.

OF THE IMMACULATE CONCEPTION
THE ASPIRANTS T. O. C. D
MANNANAM.

DHARMARAM LIBRARY

BANGALORE-560 029

Due Date	Due Date	Due Date

DC Library
00004195
T61 R14